## 9.12 സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2020-21 ബഡ്ജറ്റിൽ പോഷകാഹാര പരിപാടികൾ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷിതത്വ ക്ഷേമ മേഖലയ്ക്ക് ആകെ 68130.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വകുപ്പ്/ഏജൻസി തിരിച്ചുള്ള 2020-21ലെ വിഹിതം താഴെ ചേർക്കുന്നു.

**(വിഹിതം: 68130.00 ലക്ഷം രൂപ)**

| ക്രമ നമ്പർ | വകുപ്പ്/ഏജൻസി | വകയിരുത്തിയ വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| | സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും | |
| 1 | സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് | 5440.00 |
| 2 | വനിതാ ശിശു വികസന ഡയറക്ടറേറ്റ് | 18306.00 |
| 3 | കേരള സാമൂഹ്യസുരക്ഷാ മിഷൻ | 15780.00 |
| 4 | ജയിൽ വകുപ്പ് | 1850.00 |
| 5 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 2511.00 |
| 6 | കേരള വനിതാ കമ്മീഷൻ | 540.00 |
| 7 | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 1300.00 |
| 8 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് | 1700.00 |
| 9 | വൈകല്യമുള്ളവർക്കായുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ് | 220.00 |
| 10 | സൈനികക്ഷേമ വകുപ്പ് | 90.00 |
| 11 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 250.00 |
| | സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും ആകെ | 47987.00 |
| | പോഷകാഹാരം | |
| 12 | വനിതാ ശിശു വികസന ഡയറക്ടറേറ്റ് | 20032.00 |
| 13 | ആരോഗ്യസേവന ഡയറക്ടറേറ്റ് | 111.00 |
| | പോഷകാഹാരം ആകെ | 20143.00 |
| | **ആകെ മൊത്തം** | **68130.00** |

### സാമൂഹ്യ നീതി വകുപ്പ്

#### 1. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

**(വിഹിതം: 1300.00ലക്ഷം രൂപ)**

ശാരീരിക വൈകല്യമുള്ളവരുടെ പുനരധിവാസവും അവർക്ക് മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കാൻ വേണ്ടി 1979-ൽ സ്ഥാപിതമായതാണ് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ. താഴെ പറയുന്ന പരിപാടികളുടെ മുൻഗണനാ ക്രമത്തിലുള്ള നടത്തിപ്പിനായി 2020-21-ൽ 1300.00 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി വകകൊള്ളിക്കുന്നു. പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

''ശുഭയാത്രാ'' പദ്ധതി

- ഹൈടെക് ലിംപ്, ഇലക്ട്രോണിക് വീൽ ചെയർ, ശബ്ദനുസരണ സോഫ്റ്റ് വെയറുള്ള ലാപ്ടോപ്പ്, പവർ ബെഡ് എന്നിവ പോലുള്ള ആധുനിക ഉപകരണങ്ങളുടേയും പ്രത്യേകാവശ്യങ്ങൾക്കുള്ള മറ്റ് ആധുനിക സാമഗ്രികളുടേയും സഹായ ഉപകരണങ്ങളുടേയും സൗജന്യ വിതരണം.

- വൈകല്യമുള്ളവർക്ക് മോട്ടോറൈസ്ഡ് വാഹനങ്ങളുടെ വിതരണം; മോട്ടോറൈസ്ഡ് മുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി.
- വൈകല്യ സൗഹൃദപരവും പ്രാപ്തരാക്കുന്നതുമായ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും
- ഭിന്നശേഷിക്കാർക്കായുള്ള ബഹുജനാവബോധന പരിപാടി
- എം.ആർ.എസ്.ടി വർക്ക് ഷോപ്പ്

''ആശ്വാസം'' പദ്ധതി

- സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി); സ്വയം സഹായ ഗ്രൂപ്പുകൾക്ക് സഹായം
- വികലാംഗരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)
- സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം
- മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുക എഴുതി തള്ളൽ, വായ്പാ തുക തിരിച്ചടവിൽ വീഴ്ച വരുത്തിയവരുടെ പിഴ പലിശ നിർത്തി വയ്ക്കുക
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് എൻ.എച്ച്.എഫ്.ഡി.സി ലോണിനായുള്ള സബ്സിഡി. എൻ.എച്ച്.എഫ്. ഡി. സി. ലോണിന്റെ സംസ്ഥാന വിഹിതം

**''ഹസ്തദാനം'' പദ്ധതി**

- ഭിന്ന ശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്
- ഗുരുതരമായ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി
- സംസ്ഥാന റിസോഴ്സ് സെന്റർ

**''ഒപ്പം'' പദ്ധതി**

- പാറശ്ശാലയിലെ വൃദ്ധസദനം

**''തണൽ'' പദ്ധതി**

- സഹായ ഉപകരണങ്ങളുടെ ഷോറൂമുകൾ, ഇ-സ്റ്റോർ
- വാഹനങ്ങൾ വാടകയ്ക്കു എടുക്കൽ

പദ്ധതി നിർവ്വഹണ ചെലവ്
നാലു ജില്ലകളിൽ ജില്ലാ ഓഫീസുകൾ.

**പുതിയഘടകങ്ങൾ**

- എം.ആർ.എസ്.ടി. കണ്ണൂർ

## 2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്

**(വിഹിതം: 1700.00 ലക്ഷം രൂപ)**

മൂകരും ബധിരരുമായവർക്ക് പുനരധിവാസം നൽകുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1997-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം തുടങ്ങിയത്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി വിവിധ കോഴ്സുകൾ, കേഴ്വി ശക്തിയിലെ കുറവ് വിലയിരുത്തലും കണ്ടെത്തലും, പ്രാരംഭ ഇടപെടലും പുനരധിവാസവും

എന്നിവയാണ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ. ആശയവിനിമയത്തിനും മറ്റുമുള്ള വൈകല്യങ്ങൾ ബാധിച്ചതുമായ വ്യക്തികളെ കണ്ടെത്തലും പുനരധിവാസവും ഉന്നത വിദ്യാഭ്യാസം നൽകലുമാണ് ലക്ഷ്യങ്ങൾ. നിഷിനെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നതിന് അഡീഷണൽ അക്കാഡമിക കെട്ടിടം, ക്ലിനിക്കൽ കെട്ടിടം ഹോസ്റ്റൽ എന്നിവ നിർമ്മിക്കേണ്ടതുണ്ട്. 4 വർഷ കാലയളവിലായി വേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക 99.68 കോടി രൂപയാണ്. ഈ വലിയ തുകയ്ക്കായി കിഫ്ബി/മറ്റ ധനകാര്യ ഏജൻസികളെ സമീപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നിരുന്നാലും ക്യാമ്പസ് പശ്ചാത്തല വികസന പരിപാടികൾക്കായി (ഭൂമി വികസനം , അഡീഷണൽ അക്കാദമിക് കെട്ടിടം , വിദ്യാർഥി ഹോസ്റ്റൽ , ഉള്ളിലുള്ള റോഡുകളും ഓടകളും ) ഒരു തുക വകയിരുത്തുന്നു .

- ഹിയറിംഗ് ആന്റ് സ്പീച്ച് ലാംഗ്വേജ് ഡിസോർഡർ പരിപാടി, ന്യൂറോ ഡവലപ്മെന്റ് സയൻസ് പരിപാടി
- മന:ശ്ശാസ്ത്രം, ആരോഗ്യ അനുബന്ധ സേവനങ്ങൾ
- പ്രാരംഭ ഇടപെടൽ പദ്ധതികൾ.
- വിവര സാങ്കേതിക വിദ്യ
- ഉന്നത വിദ്യാഭ്യാസ അടിസ്ഥാന പദ്ധതികൾ, അക്കാഡമിക് പരിപാടികൾ

തുടർ പരിപാടികൾക്കും, ക്യാമ്പസ് പശ്ചാത്തല വികസനത്തിനുമായി 2020-21-ൽ 1700.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 3. വൈകല്യമുള്ളവർക്കുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ്

**(വിഹിതം: 220 .00 ലക്ഷം രൂപ)**

വൈകല്യമുള്ളവർക്കു വേണ്ടി നടപ്പിലാക്കുന്ന വിവിധ വികസനക്ഷേമ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി കേന്ദ്രസർക്കാർ അംഗപരിമിതർക്കായുള്ള ദേശീയനയം (പി.ഡബ്ലിയു.ഡി. ആക്ട്) 1995-ൽ പാസ്സാക്കുകയുണ്ടായി. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും വൈകല്യമുള്ളവരുടെ നേട്ടങ്ങൾക്കായി തുക വിനിയോഗിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുമായി 1999-ൽ കേരളത്തിൽ സ്റ്റേറ്റ് കമ്മീഷണറേറ്റ് രൂപീകരിച്ചു. (പി.ഡബ്ല്യു.ഡി. ആക്ട്) 1995 നു പകരമായി പുതിയ (പി.ഡബ്ല്യു.ഡി.ആക്ട്) 2016 നിലവിൽ വന്നിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ 2020-21-ൽ 220.00 ലക്ഷം രൂപ വകയിരുത്തുന്നു.

- പുനരധിവാസത്തിനായുള്ള ഗവേഷണവും വികസനവും
- കൈപ്പുസ്തകം, ലഘുലേഖകൾ, ചെറുപുസ്തകങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണവും
- അച്ചടി, മാഗസിനുകൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള അവബോധം സൃഷ്ടിക്കലും
- വൈകല്യമുള്ളവർക്കായുള്ള സ്ഥാപനങ്ങളുടെ പരിശോധന നടത്തൽ
- വൈകല്യമുള്ളവർക്കായുള്ള അദാലത്ത്, സിറ്റിങ്ങുകൾ എന്നിവ സംഘടിപ്പിക്കൽ
- വൈകല്യമുള്ളവർക്ക് നിയമസഹായവും ഉപദേശം നൽകലും
- വൈകല്യമുള്ളവർക്കുവേണ്ടിയുള്ള വിനോദങ്ങൾ/സാംസ്കാരിക കായിക പ്രവർത്തനങ്ങൾ
- ബോധവത്ക്കരണ പരിപാടി, സെമിനാറുകൾ (അമ്മ കെയർ , അമ്മ ടിച്ചർ) എന്നിവ സംഘടിപ്പിക്കലും
- പ്രദർശനബോർഡ്, സ്ലൈഡ് എന്നിവയുടെ നിർമ്മാണവും പ്രദർശനവും.
- വൈകല്യമുള്ളവരുടെ സാഹിത്യരചനകൾക്കുള്ള അവാർഡ്

## 4. പാർശ്വവത്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ

**(വിഹിതം: 1300.00 ലക്ഷം രൂപ)**

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉന്നമനത്തിനായി താഴെ പറയുന്ന സാമൂഹ്യ നിയമങ്ങളും അന്താരാഷ്ട്ര സമ്മേളനങ്ങളും നയങ്ങളും നടപ്പിലാക്കേണ്ടത് നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പാണ്. താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ 2020-21-ൽ 1300.00 ലക്ഷം രൂപ വകയിരുത്തുന്നു.

- ആർ.പി.ഡബ്ല്യു.യു.ഡി ആക്ട് 2016
- മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്, 2007.
- നാഷണൽ ട്രസ്റ്റ് ആക്ട് 1999
- വയോജന നയം, 2013.
- സംസ്ഥാന അംഗ പരിമിത നയം 2015.
- സർക്കാർ-പൊതുജന പങ്കാളിത്തം സംബന്ധിയായ നയം 2013.
- വൈകല്യമുള്ളവരുടെ അവകാശങ്ങളും അതിന്റെ നിർബന്ധമല്ലാത്ത പെരുമാറ്റ ചട്ടങ്ങളുടെ സംരക്ഷണവും 2007.
- ട്രാൻസ്ജെൻഡർ പോളിസി 2015.
- കേരള സൈക്കോസോഷ്യൽ റിഹാബിലിറ്റേഷൻ രജിസ്ട്രേഷൻ റൂൾ 2012.

**എ.** പാർശ്വവത്ക്കരിക്കപ്പെട്ടവർക്കായുള്ള സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായവും സ്ഥാപനപര പിന്തുണ നൽകുന്നതിനുമായുള്ള പ്രവർത്തനങ്ങൾ.

**2020-21-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ**

**പുതിയ നിർദ്ദേശങ്ങൾ**

- മാതൃകാ ഭിന്നശേഷി സൗഹൃദ പഞ്ചായത്തുകൾ സ്ഥാപിക്കലും എല്ലാ പഞ്ചായത്തിലും ഭിന്നശേഷിക്കാരെ സഹായിക്കുന്നതിനായി സന്നദ്ധ പിന്തുണയും.
- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സമഗ്ര പാക്കേജ് പ്രകാരം എൻ.ജി.ഒ കളുടെ പിന്തുണയോടെ ഒരു മേഖലയിൽ ഒരു പുതിയ ഭവനമെങ്കിലും മാനസിക വെല്ലു വിളിനേരിടുന്നവർക്കായി സ്ഥാപിക്കൽ (ഈ മേഖലയിലെ എൻ.ജി.ഒ കളെ എംപാനൽ ചെയ്യുന്നതിലൂടെ).
- തെറാപ്പി സേവനങ്ങൾ ആവശ്യമുള്ള ഭിന്നശേഷി കുട്ടികൾക്ക് (ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്ക്) അംഗീകൃത തെറാപ്പി സെന്ററുകൾ മുഖേന സേവനം നൽകുന്നതിനുള്ള ധനസഹായം.
- നവീകരിച്ച പരിണയം പദ്ധതി -ഭിന്നശേഷിക്കാരായ സ്ത്രീകളെ വിവാഹം ചെയ്യുന്ന വ്യക്തികൾക്കും ഭിന്നശേഷിക്കാരായ സ്ത്രീകളുടെ മക്കളെ വിവാഹം ചെയ്യുന്നവർക്കും വിവാഹ ധനസഹായം. ഭിന്നശേഷിക്കാരെ സ്വമേധയാ വിവാഹം ചെയ്യുന്നവർക്ക് ഇൻസെന്റീവ്.
- ഓസ്റ്റിയോജെനിസിസ് ഇംപെർഫെക്ട ബാധിച്ചവർ, കുഷ്ഠരോഗം ഭേദമായവർ, ആസിഡ് അക്രമണത്തിനു ഇരയായവർ എന്നിവർക്കായുള്ള പദ്ധതികൾ കണ്ടെത്തുന്നതിനും പഠനം നടത്തുന്നതിനുമുള്ള തുടർ നടപടികൾ.

- ഭിന്നശേഷി കുട്ടികളെ ദത്തെടുക്കുന്നവർക്കും ഫോസ്റ്റർ കെയറിനെടുക്കുന്നവർ എന്നിവർക്കുമുള്ള സഹായവും ദത്തെടുക്കൽ ഏജൻസികൾക്കുള്ള പിന്തുണയും
- ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച് ക്യാമ്പയിനുകൾ, ഗുരുതര പാരാപ്ലെജിക് രോഗികൾക്ക് ഒറ്റതവണ സഹായം.
- നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ഭിന്നശേഷികുട്ടികളുടെ മാതാക്കൾക്ക് ''ജീവിത മാർഗ്ഗ പിന്തുണ പ്രൊജക്ട്'' മാനസിക വെല്ലു വിളി നേരിടുന്നവർക്കായി എബിലിറ്റി ഫെസ്റ്റ്, ജോബ് ഫെയർ
- ഒ.സി.ബി യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഒ.സി.ബി.യിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മൊബൈൽ ശുശ്രൂഷ സേവനങ്ങൾ
- മാനസിക രോഗം ഭേദമായവരുടെ പുനരധിവാസത്തിനുള്ള പെരുമാറ്റ ചട്ടം തയ്യാറാക്കുകയും SOP നടപ്പാക്കുകയും SOS മാതൃകാ ഹോമുകൾ സ്ഥാപിക്കലും.
- പ്രകൃതി ക്ഷോഭങ്ങളും മറ്റ ദുരന്തങ്ങളും ബാധിച്ച സാമൂഹ്യ നീതി വകുപ്പിന്റെ ചുമതലയിലുള്ള വിഭാഗങ്ങൾക്ക് ആശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ, മലപ്പുറത്ത് ഭിന്നശേഷിക്കാർക്കായി ഗ്ലോബൽ എബിലിറ്റി വില്ലേജ്.

**മറ്റ് പ്രവർത്തനങ്ങൾ**

- വകുപ്പിന്റെ കീഴിൽ വരുന്ന സാമൂഹ്യ നിയമ നിർമ്മാണങ്ങളുടെ നടത്തിപ്പും മേൽ വ്യക്തമാക്കിയ നിയമങ്ങൾ, ആക്ടുകൾ, നയങ്ങൾ എന്നിവ പ്രകാരമുള്ള പദ്ധതികളും പ്രവർത്തനങ്ങളും നടപ്പാക്കലും.

- 2018-ലെ കേരളത്തിലെ പ്രളയം ബാധിച്ച പാർശ്വവത്ക്കരിക്കപ്പെട്ട കുടുംബങ്ങൾക്ക് സൈക്കോസോഷ്യൽ ടോമോകെയർ ഉൾപ്പെടെയുള്ള ആശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ.
- ഓൺലൈൻ നിഷ് ഇന്ററാക്ടീവ് ഡിസബിലിറ്റി അവയർനെസ് സെമിനാർ.
- പുനർജനി പദ്ധതി നടപ്പാക്കൽ.
- വയനാട് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ചെലവുകൾ.
- വീടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാർക്ക് സാമൂഹ്യാധിഷ്ഠിത ശാരീരിക-മനശാസ്ത്ര ഇടപെടലുകൾ.
- വിദ്യാഭ്യാസ സഹായം, ട്യൂഷൻ ഫീസ്, യാത്രാബത്ത, പഠന ഉപകരണങ്ങൾ വാങ്ങാനുള്ള സഹായം, വിനോദ പരിപാടികൾ, ലൈബ്രറി സംവിധാനം, ചികിത്സാ ചെലവ് തുടങ്ങിയ സൗകര്യങ്ങൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകുക.
- സംസ്ഥാനത്തിനകത്തും പുറത്തും ഉണ്ടായിട്ടുള്ള വർഗ്ഗീയ ലഹളകളിൽ ഇരയായവർക്കുള്ള സ്ഥാപന സേവനങ്ങൾ ഉൾപ്പെടെയുള്ള പരിചരണ സംരക്ഷണം.
- ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ പുനരധിവസിപ്പിക്കാനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പുന സ്ഥാപിക്കാനും ധനസഹായം നൽകുക.
- പാർശ്വവത്കൃത വിഭാഗക്കാരുടെ പരിരക്ഷ, സംരക്ഷണം, പുനരധിവാസം, ശാക്തീകരണം എന്നിവ മുൻനിർത്തിയുള്ള സർക്കാർ നയങ്ങൾ, അന്തർദേശീയ കൺവെൻഷൻ എന്നിവയിൽ

വ്യക്തമാക്കിയിട്ടുള്ളതും കേന്ദ്ര സർക്കാർ അംഗീകരിച്ചതുമായ വ്യവസ്ഥകളുടെയും പദ്ധതികളുടെയും നിർവ്വഹണം.

- വൊക്കേഷണൽ തെറാപ്പിസ്റ്റുകൾക്ക് അനുയോജ്യമായ കോഴ്സുകൾ രൂപ കല്പന ചെയ്യുകയും നിപ് മെർ/നിഷ്/എസ്.ഐ.ഡി. തുടങ്ങിയവയിലൂടെ പ്രൊഫഷണലുകളുടെ പുനരധിവാസവും.
- എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പുനരധിവാസ ഗ്രാമം സ്ഥാപിക്കൽ
- അംഗപിരിമിതരുടെ വ്യക്തി പരിപാലന പദ്ധതിയുടെ തുടർ പ്രവർത്തികളും പുനരധിവാസവും.
- ലഹരി വിമുക്ത പ്രവർത്തനങ്ങൾ.
- പ്രത്യേക സ്കൂളുകൾക്ക് പ്രത്യേക സഹായ പാക്കേജ്.
- സാമൂഹ്യ നിയമ നിർമ്മാണങ്ങൾ മോണിറ്റർ ചെയ്യുന്നതിനും സംയോജിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമായി മനുഷ്യ വിഭവശേഷി ഉൾപ്പെടെയുള്ള സ്ഥിര സംവിധാനം (റിസർച്ച് & ഗൈഡൻസ് സെൽ)
- മറ്റു പദ്ധതികളുടെ പരിധിയിൽ വരാത്തവർക്കുള്ള ധനസഹായം.
- അംഗപരിമിതരുടെ കലോത്സവം സംഘടിപ്പിക്കൽ.
- ഇന്ത്യാഗവൺമെന്റിന്റെ പദ്ധതിയായ ജില്ലാതല ഭിന്നശേഷി പുനരധിവാസ പദ്ധതിയുടെ സംസ്ഥാന തല പ്രവർത്തനങ്ങൾ നടപ്പാക്കുക.
- എച്ച്.ഐ.വി.ബാധിതരുടെ പുനരധിവാസം.
- എൻ.ജി.ഒ.കൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/കെ.എസ്.എസ്.എം./നിഷ്/നിപ് മെർ/ഇംഹാൻസ്/നിംഹാൻസ്/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ അംഗപരിമിതരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ
- പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനായി ശില്പശാലകൾ/ സെമിനാറുകൾ/നൈപുണ്യവികസനം/ബോധവത്ക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
- സ്ട്രീറ്റ് ലൈറ്റ് പ്രൊജക്ട് നടപ്പാക്കൽ.
- പ്രത്യാശ പദ്ധതി - എൻ.ജി.ഒ.കളുടെ സഹായത്തോടെ അന്തേവാസികളുടെ പുനരധിവാസവും വീടുകളിലേക്ക് മാറ്റിതാമസിപ്പിക്കലും.
- ഭിന്നശേഷിക്കാർക്കായി എമർജൻസി കോൾ സെന്ററോടുകൂടിയ തൊഴിൽസഹായ പോർട്ടൽ.
- സുരക്ഷ പ്രൊജക്ട് നടപ്പാക്കൽ- ആരോഗ്യ/തദ്ദേശഭരണ/എൻ.ജി.ഒ./പോലീസ് വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനം മുഖേന സാമൂഹ്യാധിഷ്ഠിത പുനരധിവാസ പ്രോജക്ട്.
- സഹായ ഉപകരണങ്ങളുടെ ഈ-സ്റ്റോർ- സ്ഥാപിക്കലും പ്രവർത്തനങ്ങളും മോണിറ്ററിംഗും മനുഷ്യ വിഭവ ശേഷിയും
- മാനസിക രോഗികളായിട്ടുള്ളവരെ സമൂഹത്തിൽ പുനസംയോജിപ്പിക്കുന്നതിനായി പ്രൊഫഷണലുകളുടെ പിന്തുണയോടെ പ്രയോജന പ്രദമായി പരിശീലിപ്പിക്കുന്നതിനായി റിക്കവറി ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങുക.
- സാമൂഹ്യ ഭിന്നശേഷി പരിപാലനവും പുനരധിവാസ പരിപാടിയും സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

- ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം.
- വകുപ്പിൻ കീഴിലുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണം, ഐ.ഇ.സി. പ്രവർത്തനങ്ങൾ ഭരണ ചെലവുകൾ.
- തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ ഒൻപതാം വാർഡിൽ അഡ്മിറ്റ ചെയ്തിട്ടുള്ള നിരാലംബരുടെ പുനരധിവാസം.
- മിശ്ര വിവാഹിതർക്ക് സുരക്ഷിത ഹോമുകൾ
- RPWD Act 2016 നടപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ

**ബി.അംഗപരിമിതർക്കായുള്ള വകുപ്പുതല തുടർ പദ്ധതികൾ**

ഐ.ഇ.സി. പ്രവർത്തനങ്ങളുൾപ്പെടെ വകുപ്പിൻ കീഴിലുള്ള ചുവടെ പറയുന്ന തുടർ പദ്ധതികളുടെ നടത്തിപ്പും ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ പ്രയോജനം ഉറപ്പാക്കുന്നതിന് ബോധവത്ക്കരണ പരിപാടികൾ.

- വിദ്യാകിരണം പ്രൊജക്ട്-അംഗപരിമിതരായവരുടെ മക്കൾക്ക് സ്കോളർഷിപ്പ്.
- വിദ്യാജ്യോതി പ്രോജക്ട്- അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് യൂണിഫോമിനും പഠന ഉപകരണങ്ങൾക്കും ധനസഹായം.
- സ്വാശ്രയ പദ്ധതി- ശാരീരിക വൈകല്യം/മാനസിക വെല്ലുവിളികൾ ബാധിച്ച കുട്ടികളുടെ (അമ്മ മാത്രമുള്ളവർ) മാതാവിന് സ്വയം തൊഴിൽ പദ്ധതി.
- മാതൃജ്യോതി - അന്ധരും/ഭിന്നശേഷിക്കാരായ അമ്മമാർക്ക് ധനസഹായം.
- വിജയാമൃതം പദ്ധതി.
- സഹചാരി പദ്ധതി.
- ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം
- ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതാനുള്ള സഹായം
- പരിണയം - ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും ഭിന്നശേഷിക്കാരുടെ മക്കൾക്കും വിവാഹ സഹായം.
- പരിരക്ഷ – ഭിന്നശേഷിക്കാർക്ക് അടിയന്തിര സഹായത്തിനായുള്ള പരിപാടി.

**5. അനന്തര ശുശ്രൂഷ, തുടർ സേവനങ്ങൾ, ഇരകളുടെ പുനരധിവാസം**

**(വിഹിതം: 250.00 ലക്ഷം രൂപ)**

ജയിൽ വിമുക്തരായവർ ഏറെയും ജീവിക്കാനായി ഒരു സംരംഭം ആരംഭിക്കാനുള്ള മൂലധന നിക്ഷേപം കണ്ടെത്താൻ പ്രയാസപ്പെടുന്നുണ്ട്. തത്ഫലമായി സാമൂഹ്യപരമായി സ്വീകരിക്കപ്പെടാത്ത അവരുടെ ജീവനോപാധികൾ സ്വീകരിക്കുവാൻ അവർ പലപ്പോഴും നിർബന്ധിക്കപ്പെടുന്നു. തടവുകാരുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും അവരിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനുമായി കാലാവധി പൂർത്തിയാക്കാതെതന്നെ അവരെ മോചിപ്പിക്കുന്നത് സർക്കാർ നയമാണ്. ജയിൽ മോചിതരായ തടവുകാർ കുറച്ചുകാലത്തേക്ക് ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലായിരിക്കും. ഈ കാലയളവിൽ അവരെ നേട്ടമുണ്ടാകത്തക്കവിധം പുനരധിവസിപ്പിക്കേണ്ടതാണ്. 2020-21 വർഷത്തിൽ താഴെ പറയുന്ന

പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തുന്നു. സാമൂഹ്യ നീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്.

മുൻകാല കുറ്റവാളികൾ, മുൻ തടവുകാർ, പ്രൊബേഷണർമാർ അവരുടെ കുടുംബങ്ങൾക്കായി ചുവടെ പറയുന്ന ഗ്രാന്റ് ഇൻ-എയ്ഡ് പദ്ധതികൾ നടപ്പാക്കിവരുന്നു.

- മുൻകാല കുറ്റവാളികൾ, മുൻ തടവുകാർ, പ്രൊബേഷണർമാർ എന്നിവർക്കും സഹായം
- നിർദ്ദനരായുള്ള കുറ്റവാളികൾക്കുള്ള പദ്ധതി.
- തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം

2020-21-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

**പുതിയ നിർദ്ദേശങ്ങൾ**

- കേരളത്തിലെ പുറമ്പോക്ക് നിവാസികൾക്കായി പുനരധിവാസത്തിനും പുന:സംയോജനത്തി നുമായി പദ്ധതി രൂപീകരിക്കലും നടപ്പാക്കലും
- സ്ത്രീ/പുരിഷ പ്രൊബേഷണർക്കും, മുൻകാല തടവുകാർക്കും, പരോളിലുള്ളവർക്കും എൻ.ജി.ഒ യുമായി ചേർന്ന് പ്രത്യേക പ്രൊബേഷൻ ഹോമുകൾ സ്ഥാപിക്കൽ
- ജീവ പര്യന്തം ശിക്ഷയനുഭവിക്കുന്ന തടവുകാർക്കായി ജയിൽ വകുപ്പുമായി ചേർന്ന് സാമൂഹ്യ സേവന പരിപാടി നടപ്പാക്കുക.
- മാനസികാരോഗ്യ കേന്ദ്രങ്ങളിൽ താമസിക്കുന്നമാനസിക രോഗം ഭേദമായ തടവുകാരുടെ പുനരധിവാസം
- മുൻകാല തടവുകാർ, കുറ്റവാളികളുടെ ആശ്രിതർ, കുറ്റകൃത്യത്തിലേർപ്പെട്ടവർ, ആദ്യമായുള്ള പ്രൊബേഷണർമാർ, എന്നിവർക്കായി സാമൂഹ്യാധിഷ്ഠിതമായ മാനസിക സാമൂഹിക ഇടപെടൽ പരിപാടികൾ ഇന്ത്യയിലെ സൈക്കോ സോഷ്യൽ അക്കാദമിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ നടപ്പാക്കുക.
- ജയിൽ മോചിതരായ വനിതതടവുകാർക്ക് പ്രത്യേക പരിപാടികൾ
- സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ പ്രൊബേഷനും സാമൂഹ്യ പ്രതിരോധത്തിനുമായി പ്രത്യേക സെൽ സ്ഥാപിക്കുക
- പ്രതിവാദം ഒത്തു തീർപ്പാക്കൽ, പ്രൊബേഷൻ, ബോർസ്റ്റർ സ്കൂൾ സമ്പ്രദായം, മാനസിക സാമൂഹിക ഇലപെടലുകൾ, സാമൂഹ്യ പ്രതിരോധത്തിനുള്ള സ്റ്റേറ്റ് ഹോൾഡേഴ്സിനും പൊതു ജനത്തിനും കെൽസയുടെ പിന്തുണയോടെ പ്രോത്സാഹനം.
- കേരള നിയമ അക്കാദമിയുടെ പിന്തുണയോടെ നിയമ ഉദ്യോഗസ്ഥർക്ക് പരിശീലനം,
- എല്ലാ ജില്ലകളിലും തടവുകാരുടെ ആശ്രിതർക്കും, മുൻകാല തടവുകാർക്കും പ്രൊബേഷണർമാർക്കും മുൻകാല അന്തേവാസികൾക്കുമായി CBO കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- പ്രൊബേഷനിലും സാമൂഹ്യ പ്രതിരോധത്തിലും നാഷണൽ സെമിനാറുകൾ സംഘടിപ്പിക്കുക.

**മറ്റു പ്രവർത്തനങ്ങൾ**

- പ്രൊബേഷൻ സമ്പ്രദായത്തിൻ കീഴിൽ നേർവഴി പൈലറ്റ് പ്രൊജക്ട് നടപ്പാക്കൽ

- മുൻകാലകുറ്റവാളികൾ, ജാമ്യത്തിൽ കഴിയുന്നവർ, മുൻ തടവുകാർ, ദരിദ്രരായ കുറ്റവാളികളുടെ ആശ്രിതർ എന്നിവർക്കും സാമ്പത്തിക സഹായവും നഷ്ടപരിഹാരവും നൽകുൽ.

- അതിക്രമത്തിനിരയായവർക്ക് നൈപുണ്യ വികസന പരിശീലനവും അനന്തര ശുശ്രൂ ഷകളും നൽകുക
- സ്വയം തൊഴിൽ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനോ പ്ലെയ്സ്മെന്റ് സൗകര്യത്തിന് വേണ്ടിയോ സഹായം/ തടവുകാരുടെ മക്കളുടെ വിവാഹം
- ഗവേഷണ പരിപാടികൾ/പഠനങ്ങൾ, സ്മാർട്ട് പ്രൊബേഷൻ
- സംസ്ഥാന/ജില്ലാതല ശില്പശാലകൾ സംഘടിപ്പിക്കൽ, അംഗീകൃത സ്ഥാപനമായ „ടിസ്സ്" ന്റെ സഹായത്തോടെ പ്രൊബേഷനുമായും ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സ് പരിശീലനം.
- മേൽനോട്ടത്തിലുള്ള കുറ്റവാളികളുടെ ഇലക്ട്രോണിക് മോണിട്ടറിംഗ്, ഷോർട്ട് ഫിലിമുൾപ്പെടെ ഐ.ഇ.സി. പ്രവർത്തനങ്ങൾ വികസിപ്പിക്കുക
- കുറ്റവാളികളുടെ ആശ്രിതർക്കും ദുരന്തത്തെ അതിജീവിച്ചവർക്കും വിക്ടിം സപ്പോർട്ട് ബ്യൂറോ.

**6.ജയിലുകളുടെ നവീകരണം**

**(വിഹിതം: 1150.00 ലക്ഷം രൂപ)**

ജയിൽ ഭരണം നവീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഒരു ദീർഘകാല പ്രൊജക്റ്റ് രൂപകൽപന ചെയ്തിട്ടുണ്ട് . ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- നെട്ടുകാൽത്തേരി തുറന്ന ജയിലിൽ മെറ്റൽ ഫെൻസിംഗ്
- തവനൂർ സെൻട്രൽ പ്രിസണിൽ ജലവിതരണ സമ്പ്രദായം
- വടകര റൂറലിൽ ജില്ലാ ജയിൽ
- മെയിന്റനൻസും ചെറുപ്രവൃത്തികളും
- അയാപ്സ് ആപ്ലിക്കേഷൻ-2020 വാർഷിക പരിപാലനം
- ജയിലുകളിൽ ഫോട്ടോ കോപ്പിയർ
- ജയിലുകളിലെ ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകളെ ഓൺഗ്രിഡിലേക്ക് മാറ്റൽ
- സിക്കയിൽ പരിശീലനത്തിന് ആവശ്യമായ ആയുധങ്ങൾ
- ജയിലുകളിൽ സുരക്ഷാ ഉപകരണങ്ങൾ

മുകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ **1150.00** ലക്ഷം രൂപ വകയിരുത്തുന്നു.

**6. ഭരണ സംവിധാനം മെച്ചപ്പെടുത്തൽ**

**(വിഹിതം:600.00ലക്ഷം രൂപ)**

വകുപ്പിന്റെ കീഴിൽ 14 ജില്ലാ ഓഫീസുകളും 31 ക്ഷേമ സ്ഥാപനങ്ങളും ഒരു ഡയറക്ടറേറ്റും പ്രവർത്തിച്ചു വരുന്നു മെച്ചപ്പെട്ട സേവനത്തിനായി എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്. ഇതു കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സ്പെഷലൈസ്ഡ് പരിശീലനം നൽകി ഉത്തരവാദിത്വങ്ങളും ചുമതലകളും ഫലപ്രദമായും കാര്യക്ഷമമായും ചെയ്യാൻ കഴിയത്തക്കവിധം

പ്രാപ്തമാക്കുകയും ചെയ്യേണ്ടതാണ്.

2020-21-ൽ താഴെപ്പറയുന്ന പരിപാടികൾ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു.

**പുതിയ പ്രവർത്തനങ്ങൾ**

- ഭിന്നശേഷിക്കാർക്കായി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെയും പരിപാടികളുടെയും മോണിട്ടറിംഗിനുള്ള ഓൺലൈൻ പ്ലാറ്റ് ഫോം
- പാരാപ്ലെജിക് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- വി.ടി.സി.കൾ നവീകരിക്കൽ
- സാമൂഹ്യ നീതിവകുപ്പ് നടപ്പാക്കുന്ന വിവിധ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ അസസ്മെന്റ് ഇംപാക്ട് സ്റ്റഡി പുറത്തുള്ള ഏജൻസി മുഖേന നടത്തുക
- സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള വിഭാഗങ്ങൾക്കായി മറ്റു വകുപ്പുകൾ നടപ്പാക്കുന്ന പരിപാടികളുടെ പഠനവും വിശകലനവും
- മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കായുള്ള പ്രിയാ ഹോം നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും മാസ്റ്റർ പ്ലാൻ തയ്യാറാക്കലും
- ഭിന്നശേഷിക്കാർ, ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഏറ്റവും നല്ല പ്രവർത്തനം നടത്തുന്ന ജില്ല, തദ്ദേശഭരണസ്ഥാപനം എന്നിവർക്കായി അവാർഡ്
- ഖര മാലിന്യ സംസ്കരണ സിസ്റ്റം സ്ഥാപിക്കൽ
- രാമവർമ്മപുരത്തെ മാനസിക രോഗം നിയന്ത്രിതമായവർക്കും ഭേദമായവർക്കും „വീണ്ടും ഹോം" ഭവനം സ്ഥാപിക്കൽ
- തിരുവനന്തപുരം, കോഴിക്കോട്, വയനാട് വൃദ്ധ മന്ദിരങ്ങളിൽ ദമ്പതിമാർക്ക് ഹോമുകൾ നിർമ്മിക്കൽ
- വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ വ്യത്യസ്ത സഹായികളുടെ സേവനങ്ങൾക്കുള്ള ചെലവുകൾ

**എ. മറ്റു പ്രവർത്തനങ്ങൾ**

- സാമൂഹ്യ നീതി ഓഫീസുകളുടെയും ക്ഷേമ സ്ഥാപനങ്ങളുടെയും നവീകരണം, ആധുനിക വത്ക്കരണം, അറ്റകുറ്റപ്പണികൾ എന്നിവ നടപ്പാക്കലും തുടർന്നു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പും.
- ഡയറക്ടറേറ്റിൽ ഡിസബിലിറ്റി റിസർച്ച് ആന്റ് ഗൈഡൻസ് സെൽ സ്ഥാപിക്കുക.
- വകുപ്പിന്റെ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും (നവീകരണം, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കൽ, യന്ത്ര സാമഗ്രികൾ വാങ്ങൽ) തുടങ്ങിയവ.
- സംരക്ഷണ സ്ഥാപനങ്ങളുടെ സോഷ്യൽ ആഡിറ്റ് നടത്തുന്നതിനായി ഗവേഷണ നടപടികൾ, സോഷ്യൽ ആഡിറ്റ് മാന്വൽ തയ്യാറാക്കുക.
- വിവിധ പദ്ധതികളിലെ എല്ലാ വ്യക്തിഗത ഗുണഭോക്താക്കളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഓൺലൈൻ സിസ്റ്റം തയ്യാറാക്കുക.
- എൻ.ജി.ഒ. കൾക്ക് അംഗീകാരം നൽകുന്ന പ്രക്രിയ മെച്ചപ്പെടുത്തൽ.

- വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക, കണ്ടം ചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങൽ.
- ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിൽ ഇ- ഗവേണൻസ്
- ഇ.ക്ഷേമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും.
- ബയോമെടിക് പഞ്ചിംഗ് സംവിധാനം മെച്ചപ്പെടുത്തലും, വാർഷിക പരിപാലനവും ബ്രോഡ് ബാന്റ് കണക്ഷൻ യൂസർ ചാർജ്ജുകളും ഡേറ്റാ ചാർജ്ജുകളും
- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങലും അറ്റകുറ്റപ്പണിയും. ക്ഷേമ സ്ഥാപനത്തിലേക്ക് ഉപകരണങ്ങളും പുനരുപയോഗ സാധനങ്ങളും വാങ്ങൽ.
- സാമൂഹ്യ നീതി വകുപ്പിന്റെ പദ്ധതികൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഹെൽപ്പ് ഡെസ്ക്, മെയിന്റനൻസ് ട്രിബ്യൂണൽ, നാഷണൽ ട്രസ്റ്റ് എന്നിവയുടെ പ്രവർത്തനത്തിനും നിർവ്വഹണത്തിനും മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുക, സർക്കാർ പദ്ധതികളെ കുറിച്ച് അവബോധം ഉണ്ടാക്കുക, ആവശ്യക്കാർക്ക് അപേക്ഷകൾ നൽകാൻ സഹായിക്കുക, കളക്ടർമാർക്കും ആർ.ഡി.ഒ മാർക്കും സഹായം നൽകുക.
- ഫയൽ തീർപ്പാക്കൽ അദാലത്തുകൾ, ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും ശുചീകരണ യജ്ഞം എന്നിവ നടത്തുക.
- പി.ഡബ്ല്യു.ഡി അല്ലാതെ മറ്റ് ഏജൻസികൾ മുഖേന നടപ്പാക്കിയ പ്രതിബന്ധമുക്ത കേരള പ്രവർത്തനങ്ങളുടെ ചെലവുകൾ.
- വകുപ്പ ഓഫീസുകളിലെയും സ്ഥാപനങ്ങളുടെയും മെയിന്റനൻസും അറ്റകുറ്റപണികളും
- വ്യക്തിഗത പദ്ധതികൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക സെൽ രൂപീകരിക്കുക (പശ്ചാത്തല സൗകര്യവും മനുഷ്യ വിഭവ ശേഷിയും ഉൾപ്പെടെ )
- HMDC യെ മാതൃക ഹോമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- വകുപ്പിനു പുതിയ കെട്ടിട നിർമ്മാണം.

**സി. വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനവും കഴിവു മെച്ചപ്പെടുത്തലും**

സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും സുതാര്യർഹമായി നിർവ്വഹിക്കുന്നതിന് പ്രത്യേക പരിശീലനം ആവശ്യമാണ്. വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

- പരിശീലനം/സെമിനാർ/വർക്ക്ഷോപ്പ്, എന്നിവ സംസ്ഥാന/ജില്ലാ തലത്തിൽ സംഘടിപ്പിക്കൽ.
- രാജ്യത്തെ മഹത്തായ സ്ഥാപനങ്ങൾ മുഖേന ഉയർന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളും സന്ദർശനങ്ങളും.
- ഗവേഷണവും പഠനങ്ങൾ എന്നിവ സംഘടിപ്പിക്കൽ
- പരിശീലന സഹായി തയ്യാറാക്കുക , വകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ സംയോജിപ്പിക്കുക
- ട്രെയിനിങ്ങ് റിസോഴ്സ് പൂൾ രൂപീകരിക്കുക
- സാമൂഹ്യ നീതി മാന്വൽ തയ്യാറാക്കൽ മുഖേന പരിശീലനത്തിന്റെ ആവശ്യകത വിലയിരുത്തലും കഴിവ് വർധിപ്പിക്കലും

- വകുപ്പിന്റെ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക
- എല്ലാ മന്ദിരത്തിലെയും അന്തേവാസികൾക്ക് നൈപുണ്യ വികസനവും തൊഴിൽ നൽകുന്നതിനുള്ള സെല്ലും നടപ്പാക്കുക.
- പരിശീലന പരിപാടിയുടെ ഭാഗമായുള്ള ഹാൾ വാടക, താമസ സൗകര്യ ചെലവുകൾ, റിസോഴ്സ് പേഴ്സണിനുള്ള ചെലവുകൾ, പങ്കെടുക്കുന്നവർക്ക് യാത്രാചെലവ്, വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ എന്നിവയുടെ ചെലവുകൾ.

സാമൂഹ്യ നീതി വകുപ്പാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്.

മുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

**8.വിമുക്തഭടന്മാർ/വിധവകൾ/ആശ്രിതർ എന്നിവർക്കുള്ള പരിശീലനം**

**(വിഹിതം: 90 .00 ലക്ഷം രൂപ)**

വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതർക്കുമുള്ള ക്ഷേമവും പുനരധിവാസവും സൈനിക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നു. വിമുക്ത ഭടന്മാർക്കും, വിധവകൾക്കും പുനർനിയമനത്തിനും, സ്വയം തൊഴിലിനുമായി പ്രാപ്തരാക്കുന്ന മത്സര പരീക്ഷകൾക്കുവേണ്ടി പരിശീലനം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നു. 2020-21 വർഷം ചുവടെ പറയുന്ന പ്രവൃത്തികൾക്കായി **90.00** ലക്ഷം രൂപ വകയിരുത്തുന്നു.

- വിമുക്ത ഭടന്മാർക്കും വിധവകൾക്കും ആശ്രിതർക്കും പുനരധിവാസ പരിശീലനം നൽകുക.
- തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ നടത്തുക.
- വിധവകൾക്കും ആശ്രിതർക്കും യൂണിഫോം, വസ്ത്ര നിർമ്മാണ യൂണിറ്റ്.
- സൗരോർജ്ജ പ്രൊജക്ട്.
- കെക്സോൺ നീതി മെഡിക്കൽസ് (പുതിയത്)

**9. ജയിൽപുള്ളികളുടെ ക്ഷേമം**

**(വിഹിതം: 700.00 ലക്ഷം രൂപ)**

സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ്ജയിലുകൾ, സബ് ജയിലുകൾ, വനിതാ ജയിലുകൾ ബോർസ്റ്റൽ സ്കൂൾ എന്നിവയാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. 2020-21-ൽ താഴെ പറയുന്ന പരിപാടികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

- സി.സി.ടി.വി. സംവിധാനത്തിന്റെ വാർഷിക പരിപാലനം.
- ഇടുക്കി ജില്ലാ ജയിലിൽ സി.സി.ടി.വി. സർവ്വേലൻസ് സംവിധാനം.
- അന്തേവാസികൾക്ക് തൊഴിൽ പരിശീലനം
- വാർഷിക ജയിൽ ക്ഷേമ ദിവസം, റിഫ്രഷൻ കോഴ്സ്, സംസ്ഥാന തല സെമിനാർ എന്നിവ സംഘടിപ്പിക്കുക.
- തുടർ വിദ്യാഭ്യാസ പരിപാടി/യോഗാക്ലാസ്.
- തിരുവനന്തപുരം ജില്ലാ ജയിലിൽ സന്ദർശകർക്ക് കാത്തിരുപ്പ് കേന്ദ്രം
- വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം തിരുവനന്തപുരം - ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഔട്ട് ലെറ്റ്.
- വനിത ബ്ലോക്കിനു മുകളിൽ മേൽക്കൂര പ്രവർത്തനങ്ങൾ, ബോർസ്റ്റൽ സ്കൂളിൽ ഗേറ്റ്.

- വിയ്യൂർ സബ് ജയിലിൽ വാഹന ഷെഡ്, മഴവെള്ള സംഭരണി.
- കണ്ണൂർ സെൻട്രൽ പ്രിസൺ, ചീമേനി തുറന്ന ജയിൽ, മൂവാറ്റു പുഴ സ്പെഷ്യൽ സബ് ജയിൽ, ആലത്തൂർ, കണ്ണൂർ സബ്ജയിലുകൾ എന്നിവിടങ്ങളിൽ പബ്ലിക് അഡ്രസ്സ് സിസ്റ്റം.
- തിരുവനന്തപുരത്തും എറണാകുളത്തും ട്രാൻസ് ജെൻഡർ ബ്ലോക്ക്
- ചീമേനി, നെട്ടുകാൽത്തേരി തുറന്ന ജയിലുകളിൽ മിന്നൽ രക്ഷാചാലകം
- കോട്ടയം ജില്ലാ ജയിലിൽ, തിരുവനന്തപുരം വനിതാ ജയിൽ & കറക്ഷണൽ ഹോം, കൊട്ടാരക്കര സ്പെഷ്യൽ സബ്ജയിൽ, മട്ടാഞ്ചേരി സബ് ജയിൽ എന്നിവിടങ്ങളിൽ ഇലക്ട്രിക്/സോളാർ ഫെൻസിംഗ്
- ജയിലുകളിൽ തടവുകാർക്കായി ടെലിവിഷൻ
- തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം കഫറ്റീരിയയിൽ നൂതന അടുക്കള ഉപകരണങ്ങൾ
- ആലുവ സബ്ജയിലിൽ ടോയ്ലറ്റ് ബ്ലോക്കു നിർമ്മാണം
- മൂവാറ്റുപുഴ സ്പെഷ്യൽ സബ്ജയിലിലെ ചുറ്റുമതിൽ അറ്റകുറ്റപണികൾ
- എറണാകുളം സബ്ജയിലിൽ പുതിയ ടോയ് ലറ്റ് ബ്ലോക്കും സെപ്റ്റിക് ടാങ്കും
- കോഴിക്കോട് ജില്ലാജയിലിൽ പ്രധാന അറ്റകുറ്റപണികൾ
- തിരുവനന്തപുരം തുറന്ന വനിതാജയിൽ & കറക്ഷണൽ ഹോം അറ്റകുറ്റപണികൾ
- തിരുവനന്തപുരം സബ്ജയിൽ - മണ്ണു ജല സംരക്ഷണ പ്രവൃത്തികൾ.
- തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ മാനുഫാക്ചറിയൂണിറ്റിന്റെ മേൽക്കൂര അറ്റകുറ്റപ്പണികൾ, ഡ്രെയിനേജ് സിസ്റ്റം അറ്റകുറ്റപണികൾ.
- വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽഹോമിൽ ആശുപത്രികെട്ടിടത്തിന്റെയും ഐസൊലേഷൻ വാർഡിന്റെയും അറ്റകുറ്റപ്പണികൾ.

മുകളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്കായി 2020-21-ബഡ്ജറ്റിൽ **700.00 ലക്ഷം രൂപ** വകയിരുത്തുന്നു.

### 10. ദേശീയ ദിന/വാരാചരണങ്ങളും ഐ.ഇ.സി. പ്രവർത്തനങ്ങളും

**(വിഹിതം: 80.00 ലക്ഷം രൂപ)**

സർക്കാരിന്റെ വിവിധ സാമൂഹ്യനിയമങ്ങളും പദ്ധതികളും നടപ്പിലാക്കുന്ന നോഡൽ വകുപ്പാണ് സാമൂഹ്യ നീതി വകുപ്പ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും സാമൂഹ്യനീതി വകുപ്പിലൂടെ നടപ്പാക്കുന്ന സേവനങ്ങളെക്കുറിച്ച് അജ്ഞരാണ്. അതിനാൽ ഈ വകുപ്പിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ, സാമൂഹ്യ മാദ്ധ്യമങ്ങളിലൂടേയും ശില്പശാലകൾ, ചർച്ചായോഗങ്ങൾ, പ്രതിരോധ സംഘടിത പ്രവർത്തനങ്ങൾ എന്നിവയിലൂടെ പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. ഐ. ഇ. സി കാമ്പയിൻ മുഖേന സേവനങ്ങൾക്കുള്ള ആവശ്യകത അറിയുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും കഴിയുന്നു. സാമൂഹ്യ നീതി ദിനം, വയോജനദിനം, മുതിർന്നപൗരന്മാരോടുള്ള അധിക്ഷേപ പ്രതിരോധ ദിനം, പ്രൊബേഷൻ ദിനം, ലോക അൾഷിമേഴ്സ് ദിനം, ലോക വികലാംഗ ദിനം, മനുഷ്യാവകാശദിനം, സർക്കാർ തീരുമാനപ്രകാരമുള്ള പ്രാധാന്യമുള്ള മറ്റു ദിനാചരണങ്ങളും വകുപ്പ് ആചരിക്കുന്നുണ്ട്.

ഐ.ഈ.സി.പ്രവർത്തനങ്ങളുടെ ഭാഗമായി 2020-21-ൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടത്തപ്പെടുന്നു.

- വകുപ്പിന്റെ വിവിധ പദ്ധതികളെ കുറിച്ചും പുതിയ സംരംഭങ്ങളെയും കുറിച്ച് വിവരങ്ങൾ അറിയിക്കുന്നതിന് വിദഗ്ധരുടെ സഹായത്തോടെ ഐ.ഇ.സി പദ്ധതി തയ്യാറാക്കുക.
- മത്സര പ്രക്രിയയിലൂടെ പ്രൊഫഷണൽ മീഡിയ കൺസൾട്ടന്റ്/പബ്ലിസിറ്റി ഏജൻസിയുടെ സേവനം ഉപയോഗിക്കൽ.
- പത്ര-ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ നയങ്ങളും പരിപാടികളും അറിയിക്കുക, ത്രൈമാസിക ഔദ്യോഗിക പ്രസിദ്ധീകരണമായ 'സുനീതി' പ്രസിദ്ധീകരണം
- തെരുവു നാടകങ്ങൾ, റോഡ്ഷോ, റിയാലിറ്റിഷോ എന്നിവ സംഘടിപ്പിച്ച് അവകാശാടിസ്ഥാനത്തിലൂടെ ആക്ടുകൾ, നയങ്ങൾ എന്നിവ സംബന്ധിച്ച് അവബോധം ഉണ്ടാക്കുക.

മുകളിൽ പറയുന്ന പ്രവർത്തനങ്ങൾക്കായി 2020-21-ലെ ബഡ്ജറ്റിൽ **80.00 ലക്ഷം രൂപ** വകയിരുത്തുന്നു.

**11. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സംയോജിത പാക്കേജ്**

**(വിഹിതം: 1900.00ലക്ഷം രൂപ)**

സംസ്ഥാനത്ത് എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ തുടർ പദ്ധതി ലക്ഷ്യമിടുന്നത്. എൻഡോസൾഫാൻ മൂലം ശയ്യാവലംബികളായ രോഗികൾക്ക് 2200 രൂപ നിരക്കിലും, വികലാംഗ പെൻഷൻ വാങ്ങുന്ന രോഗികൾക്ക് 1,700 രൂപ, മറ്റുള്ള രോഗികൾക്ക് 1,200 രൂപ വീതവും ധനസഹായം നൽകിവരുന്നു. ഇതുപോലെ ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ, 8 മുതൽ 10 വരെ 3000 രൂപ, 11-ഉം 12-ഉം ക്ലാസ്സുകളിൽ ഉള്ളവർക്ക് 4000 രൂപ എന്നീ നിരക്കിൽ ധനസഹായം നൽകുന്നത് തുടരേണ്ടതാണ്. എൻഡോസൾഫാൻ മൂലം ദുരിതം അനുഭവിക്കുന്ന പൂർണ്ണ ശയ്യാവലംബികളായവർ, മാനസികരോഗികൾ എന്നിവരെ പരിചരിക്കുന്നവർക്ക് 700 രൂപ ധനസഹായമായി നൽകുന്നതാണ് (മുൻകാലത്തെയും പുതിയതായുള്ളവർക്കും). എൻഡോസൾഫാൻ ബാധിത മേഖലയിൽ അംഗ പരിമിതരായ കുട്ടികളുടെ (18 വയസ്സിൽ താഴെ) പുനരധിവാസം മെച്ചപ്പെടുത്തുന്നതിനായി മാതൃകാ ശിശു പുനരധിവാസ കേന്ദ്രം ആരംഭിച്ച, ഈ കേന്ദ്രങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, ഉപകരണങ്ങൾ, പരിശീലനങ്ങൾ, മനുഷ്യ വിഭവശേഷി എന്നിവയും എൻഡോസൾഫാൻ ബാധിതർക്കുള്ള മറ്റ ആരോഗ്യ സംരക്ഷണം, എൻഡോസൾഫാൻ ദുരിതർക്ക് പുനരധിവാസ സെൽ പുനരധിവാസ സഹായം, മുളിയാർ പഞ്ചായത്തിൽ പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ എന്നീ പ്രവർത്തനങ്ങൾക്കായാണ് തുക വകയിരുത്തിയിട്ടുള്ളത്. ഈ പരിപാടി കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്നതാണ്. 2020-21-ൽ 1900.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 8 0 % സ്ത്രീകൾക്കായി പ്രതീക്ഷിക്കുന്നു.

**12. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതി**

**(വിഹിതം: 200.00 ലക്ഷം രൂപ)**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 31 ക്ഷേമ സ്ഥാപനങ്ങളും വനിതാശിശു വകുപ്പിന്റെ കീഴിൽ 44 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം ഈ സ്ഥാപനങ്ങളിലുള്ള അന്തേവാസികളുടെ പരിചരണത്തിന് നഴ്സിംഗ് സ്റ്റാഫിനെ/പരിചരണ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. മിക്ക സ്ഥാപനങ്ങളും അപര്യാപ്തമായ സ്റ്റാഫോടെയാണ് പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ വർദ്ധിച്ച് വരുന്നതിനാൽ ഈ സ്ഥാപനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുന്നില്ല. KSSM ഈ സ്ഥാപനങ്ങളിലെ

താമസക്കാരുടെ ആവശ്യത്തിനനുസരിച്ച് അധിക മനുഷ്യ വിഭവ ശേഷി നൽകുന്നു. പ്രൊജക്ട് സ്റ്റാഫിനുള്ള ഹോണറേറിയവും അലവൻസുകളും പ്രത്യേക പരിശീലന പരിപാടിയുടെ ചെലവുകൾ എന്നിവയാണ് പ്രവർത്തനങ്ങൾ. ഈ പദ്ധതി സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാശിശു വികസനവകുപ്പിന്റെയും പിന്തുണയോടെ സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്നു. 2020--21-ൽ 200 .00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 76% വനിതാ ഗുണഭോക്താക്കൾക്കായി പ്രതീക്ഷിക്കുന്നു.

**13. വയോമിത്രം**

**(വിഹിതം: 2400.00 ലക്ഷം രൂപ)**

കേരളത്തിലെ വയോജനങ്ങളുടെ എണ്ണം അടുത്ത കാലത്തായി വർദ്ധിച്ചുവരുന്നതായിക്കാണാം. രാജ്യത്തു പ്രായമായവരുടെ ജനസംഖ്യ കൂടുതൽ കേരളത്തിലാണ്(13.6%). 65 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യ സംരക്ഷണം, കൗൺസിലിംഗ്, ഹെൽപ്പ് ഡെസ്ക് സൗകര്യം, പാലിയേറ്റീവ് കെയർ, ആംബുലൻസ് സൗകര്യം, സാമൂഹ്യ പിന്തുണ പരിപാടി തുടങ്ങിയ സൗജന്യ സേവനങ്ങൾ ഇതിലൂടെ ലഭ്യമാക്കും. 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും, 2 ബ്ലോക്കുകളിലും ഈ പരിപാടി നടക്കുന്നുണ്ട്. അവശേഷിക്കുന്ന ജില്ലകളിൽ ഒരു ബ്ലോക്ക് പഞ്ചായത്തിൽ വീതം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രോജക്ട് സ്റ്റാഫിന്റെ ഹോണറേറിയം, മരുന്ന്, ഉപകരണങ്ങൾ, മൊബൈൽ ക്ലിനിക്കുകൾക്കുള്ള വാഹന വാടക, ഓഫീസ് ചെലവുകൾ, പ്രത്യേക ദിന ആഘോഷങ്ങൾ, വിനോദപരിപാടികൾ പ്രത്യേക പരിശീലന പരിപാടികൾ, വയോജനങ്ങളുടെ പ്രശ്നങ്ങൾക്കായി പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക, പരസ്യം, അവബോധനം, സാമൂഹ്യ ഉൾപ്പെടുത്തൽ പരിപാടി തുടങ്ങിയവയ്ക്കുള്ള ചെലവുകൾ ഈ പദ്ധതിയിൽ നിന്ന് വഹിക്കുന്നതാണ്. ഈ പരിപാടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്നതാണ്.

2020-21-ൽ ബഡ്ജറ്റിൽ 2400.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 65% പേർ സ്ത്രീകളാണെന്ന് പ്രതീക്ഷിക്കുന്നു.

**14. വിശപ്പ് വിമുക്ത നഗരം**

**(വിഹിതം: 50 .00 ലക്ഷം രൂപ)**

പ്രമുഖ ആശുപത്രികളിൽ രോഗികളുടെ കൂടെ നിൽക്കുന്നവർക്കായി ഒരു നേരത്തെ സൗജന്യ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആദ്യമായി ആരംഭിച്ച ഈ പരിപാടി ഇപ്പോൾ ഹോമിയോ ആശുപത്രി, മലപ്പുറം, തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം, കൊല്ലം ജില്ലയിലെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, സർക്കാർ ജനറൽ ആശുപത്രി എന്നിവടിങ്ങളിലും നടപ്പാക്കി വരുന്നു. ഭക്ഷണത്തിനുള്ള ചെലവ്(ലേലത്തിലൂടെ), പരസ്യം, അവബോധം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2020-21-ൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതി നടപ്പാക്കുന്നത് കേരള സാമൂഹ്യ സുരക്ഷാ മിഷനാണ്.

**15. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി (ശ്രുതി തരംഗം)**

**(വിഹിതം: 800.00 ലക്ഷം രൂപ)**

ബാല്യത്തിൽത്തന്നെ കുട്ടികളിലെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ളിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ. റീജിയണൽ /സ്റ്റേറ്റ്തല സാങ്കേതിക കമ്മിറ്റികൾ തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് കോക്ളിയർ ഇംപ്ളാന്റ് ശസ്ത്രക്രിയ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ വഴി നടത്താനും സർജറി കഴിഞ്ഞ കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷന് ധനസഹായം നൽകാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പരിപാടി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കും. 4 വർഷ വാറന്റി

ഉൾപ്പെടെ ഇംപ്ലാന്റിന്റെ വില, പഴയ ഇംപ്ലാന്റുകളുടെ വാറന്റി ദീർഘിപ്പിക്കുക. ആഡിയോ വെർബൽ ഹാബിലിറ്റേഷൻ, സ്പീച്ച് തെറാപ്പിസ്റ്റിന്റെ ഹോണറേറിയം, ഡോക്ടർമാർ, സ്പീച്ച് തെറാപ്പിസ്റ്റുകൾ, തെറാപ്പിസ്റ്റുകൾ എന്നിവർക്കുള്ള പരിശീലനം, സർജറി നടത്തിയ കുട്ടികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ്മ സംഘടിപ്പിക്കൽ, സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റു പ്രമുഖമായ ആശുപത്രികളിലും അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുകയും പശ്ചാത്തല സൗകര്യം ഒരുക്കുകയും ചെയ്യുക, തുടർ പരിശോധനയും വിലയിരുത്തലും, ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് നേരത്തെയുള്ള ഇടപെടലുകൾ സോഷ്യൽ ആഡിറ്റ് നടത്തുക, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കുള്ള ടി.എ./ഡി.എ. പരസ്യം, ബോധവത്ക്കരണം എന്നീ ചെലവുകൾ വഹിക്കാൻ 2020-21-ൽ 800 .00 ലക്ഷം രൂപ വകയിരുത്തുന്നു.

**16. വീ കെയർ**

**(വിഹിതം: 100.00 ലക്ഷം രൂപ)**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമ പരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്ക വിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സ്വരൂപിക്കുന്ന തുക ഭരണപരമായ ആവശ്യങ്ങൾക്കോ പദ്ധതി നടപ്പാക്കുന്നതിനുള്ള മതിയായ ചെലവുകൾക്കോ ഒരിക്കലും ഉപയോഗിക്കുന്നതല്ല. ഈ പ്രവേശനമാർഗ്ഗത്തിലൂടെ ദാതാവ് ഒടുക്കുന്ന ഓരോ നയാപൈസയും ഒരു തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന്റെ ആവശ്യത്തിന് മാത്രം ചെലവഴിക്കുന്നതും ദാതാവിന് ചെലവ് സംബന്ധിച്ച എല്ലാ കണക്കുകളും പരിശോധിക്കുന്നതിന് അവസരം ലഭിക്കുന്നതുമാണ്. അതോടൊപ്പംതന്നെ സാമ്പത്തിക സാമൂഹിക ഓഡിറ്റുകൾ ബാധകമാക്കുന്നതുമാണ്. ഈ പരിപാടിയുടെ ഭരണപരമായ ചെലവുകൾ, ഓവർഹെഡ് ചാർജ്ജുകൾ, വെബ്സൈറ്റ് നടത്തിപ്പ്, ധനസമാഹരണ ക്യാമ്പ്, ഫീൽഡ് ഇൻവസ്റ്റിഗേഷൻസ്, പദ്ധതി നിർദ്ദേശങ്ങളുടെ പ്രായോഗിക വിലയിരുത്തൽ, വിവിധ പദ്ധതികളെ കുറിച്ചുള്ള പ്രചാരണ ക്യാമ്പയിനുകൾ, പ്രൊജക്ട് സ്റ്റാഫിന് ഹോണറേറിയം എന്നിവ വഹിക്കാൻ 2020-21-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**17.സംസ്ഥാന സർക്കാർ പ്രത്യേക താൽപ്പര്യം എടുത്ത് നടപ്പാക്കുന്ന വൈകല്യമുള്ളവർക്കുള്ള പദ്ധതി – വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കലും പുനരധിവാസവും**

**(വിഹിതം: 2100.00 ലക്ഷം രൂപ)**

RPWD ആക്ട് 2016 പ്രകാരം വൈകല്യ മേഖലയിൽ രൂപകല്പന ചെയ്തിട്ടുള്ള ഈ പദ്ധതിയിലൂടെ വൈകല്യം തടയുക, നവജാത ശിശുക്കളിലെ പരിശോധന, പ്രാരംഭ നിർണ്ണയത്തിനും പ്രാരംഭ ഇടപെടലിനുമുള്ള സൗകര്യങ്ങളുടെ ശൃംഗല സ്ഥാപിക്കുകയും പ്രാവർത്തികമാക്കലും, വൈകല്യം നിയന്ത്രിക്കുക, പ്രത്യേക വൈകല്യങ്ങൾക്കുള്ള പ്രതിരോധ പദ്ധതികൾ, ജീവിത സഹായികൾ നൽകുക എന്നിവ ആരോഗ്യം, സാമൂഹ്യ നീതി, വിദ്യാഭ്യാസം, പട്ടിക വർഗ്ഗ വികസനം, പോലീസ്, റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനം, മറ്റു സർക്കാർ സർക്കാരിതര ഏജൻസികൾ, സംഘടനകൾ എന്നിവയുടെ സംയോജനത്തിലൂടെ നടപ്പാക്കുന്നു. വൈകല്യം തടയുക, അതിന്റെ മാനേജ്മെന്റ് എന്നിവയിലുണ്ടായിട്ടുള്ള പുതിയ മാറ്റങ്ങളുമായി ചേർന്ന് നിന്നുകൊണ്ട് എസ്സ്.ഐ.ഡി. പരിപാടികൾ നടപ്പാക്കാൻ വേണ്ടി ഡിസബിലിറ്റി മാനേജ്മെന്റിൽ ഒരു റൈറ്റ്സ് ബെയിസ്ഡ് ലൈഫ് സൈക്കിൾ അപ്രോച്ച് “അനുയാത്ര” (ഒത്തൊരുമിച്ച് പോകുക) എന്ന ഒരു സമീപനം 2017-18 മുതൽ ഒരു ക്യാമ്പയിൻ മോഡിൽ സംഘടിപ്പിച്ചു വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ ഒരു ഉപമിഷനിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2020-21-ലെ പ്രവർത്തനങ്ങൾ താഴെ

നിർദ്ദേശിക്കുന്നു.

### i. വാക്സിനേഷൻ - എം.എം.ആർ. & റുബല്ലാ

ജനന സമയത്തു തന്നെ വൈകല്യം സംഭവിക്കുന്നതിനുള്ള കാരണങ്ങളാണ് മുണ്ടിനീര്, അഞ്ചാംപനി, റുബെല്ല എന്നിവ. ഈ അപകടാവസ്ഥയെ തരണം ചെയ്യുന്നതിനായി എല്ലാ ശിശുക്കൾക്കും സർക്കാർ ആശുപത്രികൾ മുഖേന എം.എം.ആർ വാക്സിനേഷൻ നൽകേണ്ടതുണ്ട്. 2020-21-ലേക്ക് എം.എം.ആർ വാക്സിന്റെ 4,50,000 ഡോസുകൾ ആവശ്യമാണ്. എം.എം.ആർ. വാക്സിൻ വാങ്ങുന്നതിനും ബന്ധപ്പെട്ട ഐ.ഇ.സി. പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

### ii. ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ

അനുയാത്രയുടെ കീഴിൽ സ്ഥാപിച്ചിട്ടുള്ള പ്രാരംഭ നിർണ്ണയത്തിനുള്ള ചിട്ടപ്പെടുത്തിയിട്ടുള്ള ശൃംഖല ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രാരംഭ നിർണ്ണയത്തിനും പ്രാരംഭ ഇടപെടലിനുമുള്ള സൗകര്യങ്ങളോടെ ഏർലി ഇന്റർ വെൻഷനു വേണ്ടിയുള്ള ഓർഗനൈസ്ഡ് നെറ്റ് വർക്ക് തുടങ്ങുക (സ്പെഷ്യൽ അംഗനവാടികൾ, മാതൃക ശിശു പുനരധിവാസ കേന്ദ്രങ്ങൾ, സാറ്റലൈറ്റ് ഇന്റർവെൻഷൻ സെന്ററുകൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ, റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകൾ) അപെക്സ് സ്ഥാപനങ്ങൾ എന്നിവയിലൂടെയാണ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് . എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ 2020-21- ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. പശ്ചാത്തല വികസനം, ഡി.ഇ.ഐ.സി. കളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, മനുഷ്യ വിഭവം, പരിശീലനങ്ങൾ, പ്രാരംഭ നിർണ്ണയത്തിൽ ബോധവത്ക്കരണം സംസ്ഥാനതല സമിതിയുടെ ശുപാർശ പ്രകാരം ഭിന്നശേഷിക്കാർക്ക് ആവശ്യാനുസരണമുള്ള ഉപകരണങ്ങൾ, സ്റ്റാഫിനും കോ-ഓർഡിനേറ്റന്മാർക്കും ഓണറേറിയം, ഭരണ ചെലവുകൾ, എന്നീ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവ് വഹിക്കാൻ 2020-21-ൽ 1150.00 ലക്ഷം വകയിരുത്തിയിരിക്കുന്നു

### iii. യൂണിവേഴ്സൽ ഹിയറിംഗ്/കൺജനിറ്റൽ അനോമലി സ്ക്രീനിംഗ് പരിപാടി

വൈകല്യ പരിപാടിയുടെ ഭാഗമായി ജനനസമയത്ത് കുട്ടികളിൽ ഹിയറിംഗ് സ്ക്രീനിംഗ് നടത്താൻ ഒട്ടോ അകൗസ്റ്റിക് എവിഷൻ സ്ക്രീനേഴ്സ് 66 അമ്മമാർക്കും കുട്ടികൾക്കുമുള്ള സർക്കാർ ആശുപത്രികളിൽ നൽകിയിരുന്നു. കണ്ടുപിടിച്ച കെയ്സുകൾ മോണിട്ടർ ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി ഈ 66 ആശുപത്രികളിൽ ഓരോ ജൂനിയർ പബ്ലിക് നേഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. കാതോരം ഉപ പ്രൊജക്ടിൽ എല്ലാ നവജാത ശിശുക്കളുടെയും കേൾവിശക്തി ജനിച്ച കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തന്നെ പരിശോധിക്കുകയും 3,6,18 മാസങ്ങളിൽ ഇടപെടലുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. കേൾവി ശക്തി കണ്ടെത്താനുള്ള ഉപകരണങ്ങൾ, കേൾവി ശക്തിയില്ലാത്തവർക്കുള്ള സമഗ്ര ലൈഫ് കോഴ്സ് പദ്ധതി നടപ്പാക്കുക, കാതോരം മുഖേന സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ, OAE കൾ വാങ്ങുകയും സംരക്ഷണവും, JPHN, നുള്ള കഴിവു വികസിപ്പിക്കൽ, ഓണറേറിയം, സോഫ്റ്റ് വെയർ ഡെവലപ്മെന്റ് ആന്റ് മെയിന്റനൻസ് പരിശീലന പരിപാടികൾ, ആരംഭത്തിലും ശേഷവും ഉള്ള ഇൻപ്ലാന്റ് തെറാപ്പിയും പുനരധിവാസവും, ശ്രവണ സഹായികൾ, തുടർ പ്രവൃത്തികളും കുട്ടികളെ സ്കൂളുകളിൽ പ്രവേശിപ്പിക്കുകയും എന്നീ പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾക്കായി 2020-21-ൽ 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

### iv. ഓട്ടിസം, സ്പെക്ട്രം ഡിസ്ഓർഡറുള്ള കുട്ടികളുടെ പുനരധിവാസ പരിപാടികൾ

RPWD 2016 ആക്ട് പ്രകാരം ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഒരു സങ്കീർണ്ണ വൈകല്യ വിഭാഗത്തിൽപ്പെട്ട പകർച്ച വ്യാധിയിലേക്ക് വേഗത്തിൽ വ്യാപിച്ചു വരുന്ന മുഖ്യമായ ഞരമ്പു വൈകല്യമാണ്. അനുയോജ്യമായ ചികിത്സാരീതി മുഖേന പ്രാരംഭ കണ്ടെത്തലും പ്രാരംഭ ഇടപെടലും നടത്തുക, പരിശീലന പരിപാടികൾ എന്നിവ പ്രൊജക്ട് ലക്ഷ്യമിടുന്നു. നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും അപകടസാധ്യതയുള്ള ഗ്രാമ നഗര-, അർദ്ധ-നഗര, നഗര ജനസംഖ്യയിൽ എ എസ് ഡിയുള്ള ധാരാളം കുട്ടികളെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംഘടിത തന്ത്രം വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ഉചിതമായ ചികിത്സകൾ, രക്ഷാകർതൃ അവബോധം, പരിശീലന പരിപാടികൾ എന്നിവയിലൂടെ പ്രാരംഭ കണ്ടെത്തലിനും ഇടപെടലിനും എ.എസ്.ഡി ഉള്ള വ്യക്തികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പ്രൊഫഷണൽ ടീമിനെ തയ്യാറാക്കുന്നതിനും ഓട്ടിസം പ്രോജക്ട് ലക്ഷ്യമിടുന്നുആറ് സർക്കാർ . മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസ് ഓട്ടിസം കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് . ഓട്ടിസം പ്രാരംഭത്തിൽ കണ്ടെത്തലും പ്രാരംഭ ഇടപെടലുമായി ഏർലി ഇന്റർവെൻഷൻ സെന്റർ ആരംഭിക്കുക, അനുയോജ്യമായ ചികിത്സാ രീതികൾ ലഭ്യമാക്കുക, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ഓട്ടിസം സെന്റർ ശക്തിപ്പെടുത്തുക, ഓട്ടിസം പുനരധിവാസത്തിനായി മേഖലാ കേന്ദ്രം, നിപമെറിൻ ഗവേഷണം, എല്ലാ മേഖലകളിലും ഓട്ടിസം സെന്ററുകൾക്ക് പിന്തുണ നൽകുക മാതാപിതാക്കളുടെ ശാക്തീകരണം, സ്റ്റാഫുകൾക്ക് ഹോണറേറിയം ജീവിത സഹായ സൗകര്യങ്ങൾ സ്ഥാപിക്കൽ, മാതാപിതാക്കളുടെ ഗ്രൂപ്പുകളുമായി യോജിച്ചു നിൽക്കുക. പരിശീലന പരിപാടികൾ, മറ്റു ചെലവുകൾ എന്നിവയ്ക്കായി എ.എസ്.ഡി. ഉള്ള കുട്ടികളുടെ വ്യത്യസ്തമായ ആവശ്യങ്ങൾ നടപ്പാക്കുന്നതിനായി വിദഗ്ദ ടീമിനെ തയ്യാറാക്കുക എന്നിവ വഹിക്കാൻ 2020-21-ൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

### v. പരിശീലനം, ശിൽപശാലകൾ, ഗവേഷണം പുതിയ സംരംഭങ്ങൾ ആരംഭിക്കൽ

അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പൊതു സമൂഹത്തിന്റെ ഇടപെടലും സഹായവും ആവശ്യമാണ്. വ്യത്യസ്ത കഴിവുകളുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പുന:രധിവസിപ്പിക്കുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള നൂതന പദ്ധതിയും വിഭാവനം ചെയ്യുന്നു. അംഗവൈകല്യം പ്രതിരോധിക്കുന്നതിനുള്ള പുതിയ പദ്ധതികൾ, പരിപാലനവും പുനരധിവാസവും പരിശീലനങ്ങളും ശില്പശാലയും സംഘടിപ്പിക്കൽ, ഭരണചെലവ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കാൻ 2020-21ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 18. വികലാംഗർക്ക് വികലാംഗ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകൽ

**(വിഹിതം: 100.00ലക്ഷം രൂപ)**

2015 ലെ അംഗ പരിമിത സെൻസസ് പ്രകാരം കേരളത്തിലെ അംഗ പരിമിതർ 793937 ആണ്. 2016 ലെ ആർ. പി. ഡബ്ല്യൂ.ഡി ആക്ട് പ്രകാരം എല്ലാവർക്കും നിർബന്ധമായും വികലാംഗ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. അനുയാത്രാ ക്യമ്പയിന്റെ ഭാഗമായി യു.ഡിഐ.ഡി കാർഡുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാമ്പുകൾ സംഘടിപ്പിക്കൽ, നിലവിലുള്ള ഐ.ഡി.കാർഡ് യു.ഡി. ഐ.ഡി. കാർഡായി മാറ്റുക, കാർഡുകളില്ലാത്തവർക്ക് പുതിയ യു.ഡി.ഐഡി. കാർഡുകൾ നൽകുക, സ്റ്റാഫുകൾക്ക് പരിശീലനം, ബോധവത്ക്കരണം, സാങ്കേതിക സഹായവും പ്രത്യേക വിലയിരുത്തലുകളും പ്രചാരണം എന്നിവയ്ക്കായി 100.00 ലക്ഷം രൂപ 2020-21-ൽ വകയിരുത്തുന്നു.

### 19. മാനസിക രോഗമുള്ള അനാഥർക്കുള്ള സൈക്കോ സോഷ്യൽ പരിപാടി

**(വിഹിതം:400.00 ലക്ഷം രൂപ)**

പൊതുനിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തിര

സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുക എന്നതാണ് ഈ തുടർ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിപ്രകാരം ജില്ലാ കേന്ദ്രങ്ങളിൽ കുറഞ്ഞപക്ഷം ഒരു ഭവനമെങ്കിലും ഇവർക്ക് വേണം എന്ന രീതിയിൽ തുടങ്ങാനുള്ള ഗ്രാന്റ് അംഗീകൃതമായ എൻ.ജി.ഒ.കൾക്ക് നൽകുന്നതാണ്. കേരള രജിസ്ട്രേഷൻ ഓഫ് സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ ഫോർ മെന്റലി ഇൽ പേഴ്സൺസ് നിയമം, 2012-ന്റെ റൂൾ-2 (എച്ച്) പ്രകാരമുള്ള അനാഥരായ മാനസികരോഗികളും, കൂടാതെ പ്രൈവറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും രോഗം ഭേദമായിട്ട് വിടുതൽ ചെയ്യപ്പെട്ടവരുമായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഓർഫനേജ് കണ്ട്രോൾ ബോർഡിന്റെ കീഴിലുള്ള 124 രജിസ്റ്റർ ചെയ്ത സൈക്കോസോഷ്യൽ പുനരധിവാസ കേന്ദ്രങ്ങളിലെ 35 കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി വരുന്നു. സാമൂഹ്യ നീതി വകുപ്പ് ഈ പദ്ധതിയുടെ നിർവ്വഹണ വകുപ്പായി പ്രവർത്തിക്കും. 2020-21-ൽ പദ്ധതി തുടരുന്നതിനായി 400.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

**20.പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിനായി എൻ.ജി.ഒ.കൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയുള്ള സമഗ്ര പദ്ധതികൾ അതിജീവനം**

**(വിഹിതം: 500.00 ലക്ഷം രൂപ)**

സംസ്ഥാന ആസൂത്രണ ബോർഡും സാമൂഹ്യ നീതി വകുപ്പും ചേർന്ന് മാനസിക വൈകല്യമുള്ളവർക്കു വേണ്ടി മനുഷ്യ വിഭവ ശേഷിയുൾപ്പെടെ സഹായ സംവിധാനം തയ്യാറാക്കുന്നതിന് ഒരു പരിപാടി വികസിപ്പിച്ചിരുന്നു. ഈ മേഖലയിൽ മെച്ചമായി പ്രവർത്തിക്കുന്ന അംഗീകൃത എൻ.ജി.ഒ.കൾ/തദ്ദേശഭരണ സ്ഥാപനങ്ങൾ/സി.ബി.ഒ.കൾ എന്നിവയുടെ പങ്കാളിത്തത്തോടെ പരിപാടി നടപ്പിലാക്കുന്നതാണ്. 2016-ലെ ആർ.പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരമുള്ള ഭിന്ന ശേഷിക്കാരുടെ അവകാശാധിഷ്ഠിത സേവനങ്ങൾ നൽകുന്നതിനായി സേവനങ്ങളും പരിപാടികളും നടപ്പാക്കുന്നതിനു പുറമെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ സുരക്ഷ, നൈപുണ്യ വികസനം, റിക്രിയേഷൻ എന്നിവയും നിഷ്കർഷിക്കുന്നു. ഭിന്ന ശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും ആക്ടിൽ പ്രതിപാദിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കാൻ ആക്ടിന്റെ സെക്ഷൻ 55 പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുള്ള ധന സഹായത്തിനുള്ള ഗ്രാന്റ് നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ, നൈപുണ്യ വികസനവും തൊഴിൽ പുനരധിവാസവും മുഖേന സാമ്പത്തിക സുരക്ഷിതത്വം, നഗര /ഗ്രാമ പശ്ചാത്തലങ്ങളിൽ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പരിപാടികൾ എല്ലാ തലത്തിലും മനുഷ്യ വിഭവശേഷി വികസനത്തിനായുള്ള നൈപുണ്യ പരിശീലന പിന്തുണകൾ എന്നിവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

**1.എൻ.ജി.ഒ.കളുടെ പദ്ധതികൾക്ക് പിന്തുണ നൽകുന്ന അതിജീവനത്തിന്റെ കീഴിലുള്ള തുടർ പദ്ധതികൾ.**

- എല്ലാ വിഭാഗത്തിലുമുള്ള ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം (കേന്ദ്ര ഗവൺമെന്റ് ഡിഡിആർഎസ് സഹായം നിർത്തി വച്ചതിനാൽ സംസ്ഥാനം പിന്തുണ നൽകേണ്ടതുണ്ട്).
- ഭിന്ന ശേഷിക്കാർക്കായുള്ള വിശ്രമ കേന്ദ്രം, പകൽ പരിപാലന കേന്ദ്രങ്ങൾ/ഷെൽറ്റേഡ് വർക്ക് ഷോപ്പുകൾ
- ഐ.സി.റ്റി. അധിഷ്ഠിത പരിശീലനത്തിലൂടെ ഭിന്ന ശേഷിക്കാരെ ശാക്തീകരിക്കുക.
- 1999, നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ളമാനസിക വൈകല്യമുള്ളവർക്കായി പിന്തുണയും പുനധിവാസവും നൽകുന്ന ജീവിത സഹായ പദ്ധതികൾ.

- സെമിനാറുകൾ/ശില്പശാലകൾ/ബന്ധപ്പെട്ടവർക്കായി ബോധവത്ക്കരണ പരിപാടികൾ.
- എൻ.ജി.ഒ.കളുടെ അപേക്ഷകൾ ശേഖരിക്കുന്നതിനായുള്ള കേന്ദ്രഗവൺമെന്റിന്റെ ഇ-അനുധാർ പോർട്ടലിനു സഹായമായി ഓൺലൈന്റ് പോർട്ടൽ തയ്യാറാക്കുക.
- സർക്കാർ അംഗീകാരത്തിനുശേഷം എൻ.ജി.ഒ.കൾ നിർദ്ദേശിക്കുന്ന മറ്റു നൂതന പദ്ധതികൾ

**2.ക്ഷേമ സ്ഥാപനങ്ങൾപ്രവർത്തിപ്പിക്കാനുള്ള സർക്കാർ എൻ.ജി.ഒ. കൂട്ടുകെട്ട്**

സഹായവും സംരക്ഷണവും നൽകുന്ന സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സർക്കാരും പൊതു സമൂഹവും തമ്മിലുള്ള കുറ്റമറ്റ സംയോജനത്തിനും സ്തുത്യർഹമായ കൂട്ടുകെട്ടിനും രൂപം കൊടുക്കുക എന്നതാണ് എൻ.ജി.ഒ. ചട്ടക്കൂട്കൊണ്ട് ഉദ്ദേശിക്കുന്നത്. സംഘടനകളുടെ മുൻകാല ചരിത്രം, പ്രവർത്തന പരിചയം, ആഡിറ്റ് പ്രസ്താവനകൾ, ഈ രംഗത്തുള്ള പ്രാഗൽഭ്യം തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത എൻ.ജി.ഒ.കൾ അംഗീകൃതമായവ ആയിരിക്കണമെന്ന് ഉറപ്പാക്കിയ ശേഷം മാത്രം തെരെഞ്ഞെടുക്കേണ്ടതാണ്. ഈ സംവിധാനം മുഖേന നിലവിലുള്ള ഹോമുകളെ പ്രവർത്തിപ്പിക്കുന്നതിനു മാത്രമല്ല സർക്കാർ പങ്കാളിത്തത്തോടെ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും എൻ.ജി.ഒ.കളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി അത്തരം എൻ.ജി.ഒ.കൾക്ക് ഒരു നിശ്ചിത ശതമാനം സർക്കാർ വിഹിതം നൽകാവുന്നതും ബാക്കി അവർ വഹിക്കേണ്ടതുമാണ്. 2020-21-ൽ ഓരോ വിഭാഗങ്ങളിലും ഒരു കേന്ദ്രമെങ്കിലും മാതൃകാഹോം ആകത്തക്ക രീതിയിൽ സേവനങ്ങളും സൌകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തി ലേക്കുയർത്തുന്നതിനുദ്ദേശിക്കുന്നു.

പദ്ധതിയുടെ മേൽ പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു,

**21. നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

**(വിഹിതം: 200.00ലക്ഷം രൂപ)**

നാഷണൽ ട്രസ്റ്റ് ആക്ട് 1999-ന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാർക്കുള്ള ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, മൾട്ടിപ്പിൾ ഡിസബിലിറ്റീസ് എന്നിവ ബാധിച്ചവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജ് നൽകുന്നു. ഈ തുക നിലവിൽ എൻറോൾ ചെയ്തിട്ടുള്ളവർക്കും ഇൻഷ്വറൻസ് പുതുക്കുന്നതിനും പുതുതായി വരുന്ന അപേക്ഷകർക്കുമാണ്. സാമൂഹ്യ നീതി വകുപ്പ് ഈ പദ്ധതിയുടെ നിർവഹണ ഏജൻസി ആയിരിക്കും. നാഷണൽ ട്രസ്റ്റ് ആക്ട് 1999 പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശികതല കമ്മിറ്റികളിലൂടെയും സംസ്ഥാന നോഡൽ ഏജൻസി സെന്റർ മുഖേനയുമാണ് പദ്ധതി നടപ്പാക്കുന്നത്. ആരോഗ്യ ഇൻഷ്യൂറൻസ് പുതുക്കലും പുതുതായി ചേർക്കലും നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള പ്രാദേശിക തല കമ്മിറ്റികൾ/SNAC ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, വിവിധ ബോധവത്ക്കരണ ക്യാമ്പയിനുകൾ, ഐ.ഇ.സി. പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി 2020-21 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**22. പ്രതിബന്ധ മുക്ത കേരളാ പദ്ധതി**

**(വിഹിതം: 900.00 ലക്ഷം രൂപ)**

കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിബന്ധമുക്തവും അംഗപരിമിത സൗഹൃദ അന്തരീക്ഷമുള്ളതുമാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാർ സേവനങ്ങൾ സാധ്യമാകുന്നതിൽ നിലവിൽ ഭിന്ന ശേഷിക്കാർ നിരവധി പ്രശ്നങ്ങൾ നേരിടുന്നു. 2015 അംഗപരിമിതരുടെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 2.16% - ൽ അധികം വ്യക്തികളുണ്ട്. ഈ പദ്ധതി പ്രകാരം റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശൗച മുറികൾ, ബ്രയ്ലിയിലെ പ്രത്യേക ചിഹ്നങ്ങൾ, ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കണ്ണൂർജില്ലയിൽ പദ്ധതി നടപ്പാക്കുകയും മലപ്പുറം, വയനാട് ജില്ലകൾക്ക്

തുക കൈമാറുകയും ചെയ്യു. ജില്ലകൾ കൂടാതെ സെക്രട്ടറിയേറ്റ്, റോഡുകൾ, ഓഫീസുകൾ എന്നിവയും പ്രതിബന്ധമുക്തമാക്കാൻ ഉദ്ദേശിക്കുന്നു. ആക്സസബിൾ ഇന്ത്യ ക്യാമ്പയിനിൽ ഉൾപ്പെടാത്ത ജില്ലകളിലെയും സംസ്ഥാനത്തിന്റെയും അക്സസബിൾ ആഡിറ്റ് നടത്തുന്നതിനുള്ള ആവശ്യങ്ങൾ കൂടി ഇതിൽ ഉൾപ്പെടുന്നു. ബാരിയർ ഫ്രീ മനഞ്ചിറ സ്ക്വയറിലും സുബാഷ് പാർക്കിലും(എറണാകുളം) പ്രവേശനം, ബാരിയർ ഫ്രീ സ്കൂളുകൾ സ്ഥാപിക്കുക. 2020-21-ൽ കൂടുതൽ ജില്ലകളെ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനും (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്) തുടർ ഘട്ടത്തിലേക്കുള്ള ജില്ലകൾക്ക് തുക അനുവദിക്കാനും ഉദ്ദേശിക്കുന്നു. വരും വർഷങ്ങളിൽ ഇന്ത്യയിലെ ആദ്യത്തെ ബാരിയർ ഫ്രീ സംസ്ഥാനമാകാൻ ലക്ഷ്യമിടുന്നു. സാമൂഹ്യനീതി വകുപ്പാണ് ഈ പദ്ധതിയുടെ നടത്തിപ്പ് ഏജൻസി. 2020-21 വർഷം ഈ പദ്ധതിയ്ക്കായി 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

**23. സായം പ്രഭ**

**(വിഹിതം: 650.00 ലക്ഷം രൂപ)**

മുതിർന്നവരുടെ ജനസംഖ്യാനുപാതം 2026-ൽ 18-20 ശതമാനമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ മുതിർന്നവരോടുള്ള അധിക്ഷേപങ്ങൾ നടക്കാൻ സാധ്യതയുള്ള വിവിധ രീതികളേയും വിവിധ തലങ്ങളേയും കുറിച്ച് ബോധവൽക്കരണം സാധ്യമാകുന്ന തരത്തിലുള്ള പദ്ധതികളും പരിപാടികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ പരിപാടികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യ നീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. 2020-21 വർഷം ഈ പദ്ധതിയ്ക്കായി 650.00 ലക്ഷം രൂപ വകയിരുത്തുന്നു.

2020-21-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

**പുതിയ പ്രവർത്തനങ്ങൾ**

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയോ (50:50) മറ്റു ഏജൻസികളുടെയോ സഹായത്തോടെ എല്ലാ ജില്ലകളിലും മാതൃകാ സായം പ്രഭ ഹോമുകൾസ്ഥാപിക്കലും ക്രിയാത്മകമായതും ആരോഗ്യപരമായതുമായ പ്രായമാകലിനുള്ള ഒരു ക്ലബ് ആയി പ്രവർത്തിക്കാൻ തക്കവണ്ണം പുറത്തുള്ള സ്ഥലം വയോജനം പാർക്ക് ആയി ഉപയോഗിക്കേണ്ട ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ജില്ലയിൽ ഒരെണ്ണം എങ്കിലും റിട്രോ ഫിട്ടിംഗ് നടത്തുകയും ചെയ്യുക
- മുതിർന്ന പൗരന്മാർ/പെൻഷൻകാരുടെ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ഇൻഫർമേഷൻ സെന്റർ/മുതിർന്നവർക്കെതിരെയുള്ള അധിക്ഷേപം തടയാനുള്ള സെൽ, മുതിർന്നവരുടെ ക്ഷേമത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ സ്ഥാപിക്കൽ
- വൃദ്ധ മന്ദിരങ്ങളിലെ മുതിർന്നവരിൽ സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിക്കുകയും റിവോൾവിംഗ് ഫണ്ട് നൽകലും.
- ജില്ലാ ഓഫീസുകളിൽ നിയമ സഹായ സെല്ലും ഡയറക്ടറേറ്റിൽ മുതിർന്നവർക്കെതിരെയുള്ള അധിക്ഷേപം തടയാനായി സെല്ലും രൂപീകരിക്കുക
- 80 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്നവർക്ക് പ്രത്യേക ഹോമുകൾ
- വകുപ്പിനു കീഴിലുള്ള വൃദ്ധ മന്ദിരങ്ങളിലെ പരിചരണ സഹായികൾക്ക് ഹോണറേറിയം

**മറ്റു തുടർ പദ്ധതികൾ**

- സായംപ്രഭ ഹോമുകൾ/മാതൃക സായംപ്രഭഹോമുകൾ/മൾട്ടി സർവ്വീസ് പകൽ

പരിപാലന കേന്ദ്രങ്ങൾ.

- സ്വയംസഹായ വൃദ്ധ മന്ദിരങ്ങൾ/പൈസ നൽകേണ്ട വൃദ്ധസദനങ്ങൾ/റിട്ടയർമെന്റിനു ശേഷമുള്ളവർക്കായുള്ള ഹോമുകൾ എന്നിവ എൻ.ജി.ഒ.കളുടെ സഹായത്തോടെ നടപ്പാക്കുക.
- സെക്കന്റ് ഇന്നിംഗ്സ് പ്രൊജക്ട് മുഖേന ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെയും മറ്റു ഏജൻസികളുടെയും സഹായത്തോടെ വൃദ്ധമന്ദിരങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുക.
- മന്ദഹാസം പദ്ധതി - മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ല് വെക്കൽ.
- കുട്ടികളോ ബന്ധുക്കളോ ഇല്ലാത്ത നിർദ്ധനരായ മാതാപിതാക്കൾക്കുള്ള പദ്ധതികൾ.
- ആരോഗ്യപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തെകുറിച്ച് അവബോധം നൽകൽ.

- വയോ മധുരം പദ്ധതി നടപ്പാക്കൽ
- വയോ അമൃതം പദ്ധതി നടപ്പാക്കൽ
- 2018 കേരളത്തിലെ പ്രളയത്തിൽപ്പെട്ട മുതിർന്ന പൗരന്മാർക്കുള്ള ആശ്വാസ പുനരധിവാസ-പരിപാടികൾ
- കുടുംബശ്രീ/അംഗനവാടികൾ മുഖേന ആവശ്യമുള്ള മുതിർന്നവർക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും പോഷകാഹാരം നൽകലും.
- വൃദ്ധ മന്ദിരങ്ങളുടെ സാമൂഹ്യ ഓഡിറ്റ് നടത്തലും നിലവാരമുള്ള സംരക്ഷണം ഉറപ്പാക്കലും
- മുതിർന്നവർക്കായി പോലീസ്, ആമ്പുലൻസും സർവ്വീസ് അലർട്ട് സിസ്റ്റവും.
- മുതിർന്ന പൗരന്മാരുടെ സ്വത്ത് പരിപാലനത്തിനായി ഒരു ട്രസ്റ്റ് രൂപവത്ക്കരിക്കുക.
- മുതിർന്ന ദമ്പതികൾക്ക് വൃദ്ധ മന്ദിരത്തിൽ പ്രത്യേക മുറികൾ
- പൊതുസ്ഥാപനങ്ങൾ, ഉപയോഗ വസ്തുക്കൾ, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ വയോജന സൗഹൃദപരമാക്കിത്തീർക്കുക.
- വയോജനങ്ങൾക്കു വേണ്ടി ഐ.സി.റ്റി. എനേബിൾഡ് സ്വതന്ത്ര ജീവിതം സാധ്യമാക്കുക.
- വൃദ്ധ മന്ദിരങ്ങളുടെ മാന്വൽ പുതുക്കൽ.
- ജീവിത ചര്യകളെയും ശാരീരിക പ്രവർത്തനങ്ങളെയും ആരോഗ്യപരമായ ജീവിത ചര്യ എന്നിവ സംബന്ധിച്ച സാമൂഹ്യാധിഷ്ഠിത പരിപാടികൾ, വയോസംഗമം.
- സ്വന്തം വീടുകളിൽ തനിയെ താമസിക്കുന്ന മുതിർന്നവർക്ക് സാങ്കേതിക സഹായത്തോടെ എല്ലാ അത്യാവശ്യ സേവനങ്ങളും നൽകുന്നതിന് സീനിയർ സിറ്റിസൺ സപ്പോർട്ട് സൊസൈറ്റി സ്ഥാപിക്കുക
- മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കൽ
- മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007-ന്റെ ഫലപ്രദമായ നിർവ്വഹണം ഡിഎൽഎസ്എ, ട്രിബ്യൂണലുകൾ എന്നിവയുടെ പിന്തുണയോടെ അദാലത്തുകൾ. മെയിന്റനൻസ് ട്രിബ്യൂണലിലുള്ള കോൺസിലിയേഷൻ ഓഫീസർമാർക്ക് ഓണറേറിയം നൽകുക.

- പൂർണ്ണമായും ശയ്യാവലംബികളായ മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുവേണ്ടി പാലിയേറ്റീവ് കെയർ നെറ്റ് വർക്ക് ഉൾപ്പെടെയുള്ള വയോജന സൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യവസ്ഥാപിതമാക്കുക.
- വൃദ്ധ സദനങ്ങളിൽ യോഗ, മെഡിക്കൽ ക്യാമ്പ്, മ്യൂസിക് തെറാപ്പി, ഹോർട്ടികൾച്ചർ തെറാപ്പി, കൗൺസിലിംഗ് സേവനങ്ങൾ, മരുന്നും അനുബന്ധ സാമഗ്രികളും, ഉയർന്ന സാങ്കേതിക വിദ്യ സജ്ജീകരിച്ച ബെഡ്ഡുകൾ, വീൽചെയർ എന്നിവ പോലുള്ള ചലന സഹായികൾ തുടങ്ങിയവ വാങ്ങുക.
- സംസ്ഥാന തലത്തിൽ ഒരു കമ്മീഷൻ സ്ഥാപിക്കൽ
- സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ വയോജനങ്ങൾക്കു വേണ്ടി ഒരു വയോജന സെൽ സ്ഥാപിക്കുക. വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും വയോജനാധിക്ഷേപം തടയുന്നതിനും വേണ്ടി സ്കൂൾ, കോളേജുകളിലൂടെ കുട്ടികൾക്ക് അവബോധ പരിപാടികൾ നടത്തുക.

**24. ഭിന്നലിംഗക്കാർക്കായുള്ള പദ്ധതി-മഴവില്ല്**

**(വിഹിതം: 500.00 ലക്ഷം രൂപ)**

ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. ഉദ്ദേശം 1187 അംഗപരിമിതരായ ഭിന്ന ലിംഗക്കാർ കേരളത്തിൽ ഉണ്ടെന്നാണ് 2015-16-ലെ അംഗപരിമിത സർവ്വേ വ്യക്തമാക്കുന്നത്. ഭൂരിഭാഗം പേരും വ്യക്തിത്വം വെളിപ്പെടുത്താൻ വിമുഖതയുള്ളവരാണ്. ഇതിൽ കൂടുതൽ പേരും ദൈനംദിന ജീവിത മാർഗ്ഗത്തിനായി മല്ലിടുന്നവരുമാണ്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ഭിന്ന ലിംഗക്കാരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. സാമൂഹ്യ നീതി വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

2020-21-ൽ നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

**പുതിയ പ്രവർത്തനങ്ങൾ**

- ഭിന്നലിംഗക്കാരുടെ ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം
- സർജറി കഴിഞ്ഞ ഭിന്നലിംഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിശോധിച്ചറിയുന്നതിനായി പഠനം നടത്തുക
- മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനായി ഭിന്നലിംഗകാർക്ക് പരിശീലനം, ഉന്നത വിദ്യാഭ്യാസത്തിനും, തൊഴിൽ ഉന്നതിക്കായും സഹായം

**തുടർ പ്രവർത്തനങ്ങൾ**

- ഭിന്നലിംഗക്കാർക്കായുള്ള ഷോർട്ട് സ്റ്റേ ഹോമുകൾ/സുരക്ഷാ കേന്ദ്രങ്ങൾ/പരിപാലന കേന്ദ്രങ്ങൾ
- ഭിന്നലിംഗ വിഭാഗത്തിൽ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനും സാമ്പത്തിക സഹായം നൽകുക.
- ഭിന്നലിംഗക്കാരുടെ ജനസംഖ്യയ്ക്കായി ഓൺലൈൻ സർവ്വേ നടത്തുക.
- ഭിന്നലിംഗക്കാർക്കായി വിവിധ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കുക.
- ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾ, സിബി.ഒ-കൾ എന്നിവരുമായി ചേർന്നുള്ള ക്ഷേമ പരിപാടികൾ സംഘടിപ്പിക്കലും ക്ഷേമ പദ്ധതികളും.

- ചികിത്സ നിർദ്ദേശ പ്രകാരം ഏതു ആശുപത്രിയിലും സെക്സ് റി-അസയിന്റ്മെന്റ് സർജറി നടത്തുന്നതിന് 2 ലക്ഷം രൂപ വരെ സഹായം.
- ഐഡന്റിറ്റി കാർഡു നൽകലും തുടർ പ്രവർത്തനങ്ങളും.
- ഭിന്നലിംഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ/സി.സി.ഒ.കളുടെ സഹായത്താൽ ഭിന്നലിംഗ ഹെൽപ്പ് ലൈൻ (24x7), ക്രൈസിസ് മാനേജ്മെന്റ് സെന്റർ ആരംഭിക്കൽ
- വിദഗ്ദ മീഡിയൽ ഏജൻസിയെ ഉപയോഗിച്ച് അഡ്വൊക്കസി ക്യാമ്പയിൻ.
- പൊതുജനങ്ങളെ പ്രത്യേകിച്ച് രക്ഷിതാക്കൾ, കുടുംബ അംഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ് ആന്റ് നോൺ -ടീച്ചിംഗ് സ്റ്റാഫ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി സമൂഹം, തൊഴിൽ, എംപ്ലോയ്മെന്റ്, തദ്ദേശ സ്വയംഭരണം, ആരോഗ്യം, പോലീസ് മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കേന്ദ്രീകരിച്ച് കൊണ്ടുള്ള സൂക്ഷ്മ ബോധന പരിപാടികൾ.
- ഭിന്ന ലിംഗ കലോൽസവവും വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം വഴി പിന്തുണ നൽകലും
- ഭിന്ന ലിംഗ വിഭാഗത്തിന്റെ സർക്കാർ പദ്ധതികളുടെ പ്രയോജനം സംബന്ധിച്ച് സർവ്വേ നടത്തൽ.
- 60 വയസ്സിന് മുകളിലുള്ള അഗതികളായ ഭിന്നലിംഗക്കാർക്ക് പെൻഷൻ
- ഭിന്ന ലിംഗ വിഭാഗക്കാർക്കു വേണ്ടിയുള്ള സർക്കാർ പദ്ധതികൾ സംബന്ധിച്ച് അവരെ അറിയിക്കാൻ മൊബൈൽ ആപ്പ് വികസിപ്പിക്കൽ.
- ഭിന്ന ലിംഗക്കാർക്കായി സെൽ രൂപീകരിക്കുക/ഭിന്ന ലിംഗ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും രൂപവത്ക്കരിക്കുന്നതിനുമായി സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ മനുഷ്യ വിഭവ ശേഷി.
- സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോക്ക് കൂടുതലുള്ള പ്രദേശങ്ങളിൽ ഉചിതമായ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം,
- ഭിന്നലിംഗക്കാർക്ക് എച്ച്.ഐ.വി. സീറോ സർവ്വയലൻസ് സെന്റർ ആരംഭിക്കൽ
- വിവിധ ഗവേഷണങ്ങളും പഠനങ്ങളും.
- ഭിന്നലിംഗ വിഭാഗത്തിന് വിവാഹ ധനസഹായം
- ഐ.ഇ.സി. പ്രവർത്തനങ്ങൾക്കായി ആവശ്യമായ മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുക.
- ഭിന്ന ലിംഗക്കാർ സി.ബി.ഒ.കൾ, ജസ്റ്റീസ് ബോർഡ് അംഗങ്ങൾ എന്നിവർക്കായി വിവിധ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കൽ.
- ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ്
- മത്സര പരീക്ഷകൾ എഴുതുന്നതിന് ഭിന്ന ലിംഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം.
- മെഡിക്കൽ ഇൻഷ്വറൻസു പദ്ധതി തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക
- ഭിന്ന ലിംഗക്കാർക്ക് എസ്.ആർ.എസ്. സർജറിക്കു ശേഷം സഹായം നൽകൽ.
- കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പ നൽകൽ.

2020-21-ൽ ഈ പദ്ധതി നടപ്പാക്കാൻ 500.00.ലക്ഷം രൂപ വകയിരുത്തുന്നു.

**25. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻആന്റ് റീഹാബിലിട്ടേഷൻ**

**(വിഹിതം: 600.00 ലക്ഷം രൂപ)**

വിവിധതരം വൈകല്യങ്ങളുള്ള മുതിർന്നവരിലും കുട്ടികളിലും മുൻകൂട്ടി കണ്ടെത്തലും ഇടപെടലും പരിപാലനവും പുനരധിവാസവും ഗവേഷണവുമായി ബന്ധപ്പെട്ട സേവനങ്ങൾ നടത്തുന്ന സ്ഥാപനമാണ് നിപ് മെർ. ഈ സ്ഥാപനത്തിൽ കൈകാര്യം ചെയ്യുന്ന മുഖ്യ വൈകല്യങ്ങൾ, ഞരമ്പു വികസനവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ കേഴ്വി, സംസാര വൈകല്യങ്ങൾ, നട്ടെല്ലിനുള്ള ക്ഷതങ്ങൾ, ചലന വൈകല്യം, ഗുരുതരമായ ഞരമ്പു സംബന്ധമായ തകരാറുകൾ, മൾട്ടിപ്പിൾ വൈകല്യങ്ങൾ പ്രത്യേകിച്ചും സെറിബ്രൽ പാൾസി എന്നിവയാണ്. വൈകല്യങ്ങൾ കൈകാര്യം ചെയ്യുന്ന മികവിന്റെ കേന്ദ്രമായി വളർന്നു കൊണ്ടിരിക്കുന്ന ടി. സ്ഥാപനത്തിൽ 2020-21-ൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

2020-21-ൽ നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

- ഒക്യുപേഷണൽ തെറാപ്പി കോഴ്സിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രത്യേക വിദ്യാഭ്യാസം, വൈകല്യവുമായി ബന്ധപ്പെട്ട മറ്റ് അക്കാദമിക് പരിപാടികൾ
- പ്രാരംഭ നിർണ്ണയം ശക്തിപ്പെടുത്തൽ, വൈകല്യം പരിഹരിക്കൽ, പുനരധിവാസ സൗകര്യങ്ങൾ
- പരിസ്ഥിതി സൗഹൃദപരമായ പ്രതിബന്ധമുക്ത സുരക്ഷിത ക്യാമ്പസ്
- ഔട്ട് റീച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ
- അക്കാദമിക, ഹോസ്റ്റൽ ബ്ലോക്കുകളുടെ നിർമ്മാണം
- സ്പെഷൽ സ്കൂളിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണ പരിപാടി
- നട്ടെല്ലിനു ക്ഷതം സംഭവിച്ചവരുടെ പുനരധിവാസ യൂണിറ്റ് ശക്തിപ്പെടുത്തൽ
- തുടർന്നു വരുന്ന പദ്ധതികൾക്ക് ആവശ്യമായ തുക

  പദ്ധതിയുടെ നടത്തിപ്പിനായി 2020-21 ബഡ്ജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

**26. പ്രതിരോധം, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, രോഗനിവാരണം, രക്തസംബന്ധമായതും നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ നിയന്ത്രണം**

**(വിഹിതം: 200.00ലക്ഷം രൂപ)**

രക്ത സംബന്ധമായ രോഗങ്ങളായ ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലേസ്സേമിയ ഗുരുതരമായ ഞരമ്പു വൈകല്യ രോഗങ്ങളായ മൾട്ടിപ്പിൾ സ്ലിറോസിസ്, പാർക്കിൻസൺസ് രോഗം എന്നിവ 2016-ലെ അംഗപരിമിതരുടെ അവകാശ നിയമ വൈകല്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട 7168 വ്യക്തികളുള്ള ഇവരുടെ പുനരധിവാസത്തിനായി വൈകല്യ നിയന്ത്രണ പദ്ധതി തയ്യാറാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി 2020-21 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**27. പ്രളയ ബാധിതരായ അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ**

**(വിഹിതം: 50.00ലക്ഷം രൂപ)**

കേരളത്തിൽ 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിനു ശേഷം ദുരിതബാധിത പ്രദേശങ്ങളിൽ സഹായ ഉപകരണങ്ങളും മറ്റും നഷ്ടപ്പെട്ട അംഗപരിമിതരെ കണ്ടെത്തുന്നതിനായി ഒരു സർവ്വേ നടത്തുകയുണ്ടായി. ഏകദേശം 50000 ഭിന്നശേഷിക്കാർ പ്രളയ ദുരിതത്തിൽപ്പെട്ടവരാണ്.

പ്രളയത്തിൽപ്പെട്ട അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനായി 2020-21 വർഷത്തിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പദ്ധതി നടപ്പാക്കുന്നത് കേരള സാമൂഹ്യ സുരക്ഷാ മിഷനാണ്.

**പുതിയ പദ്ധതികൾ**

**28. ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ**

**(വിഹിതം : 30.00ലക്ഷം രൂപ)**

ഭിന്നശേഷിക്കാർക്ക് സാർവത്രിക പ്രവേശന സാധ്യത കൈവരിക്കുന്നതിനായി ആരംഭിച്ച പരിപാടിയാണ് ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ. ഭിന്നശേഷിക്കാർക്ക് പ്രതിബന്ധമുക്ത പരിസ്ഥിതി ലഭ്യമാക്കാനായി തിരുവനന്തപുരം ജില്ലയിലെ 28 പൊതു കെട്ടിടങ്ങൾ റിട്രോഫിറ്റിംഗ് പ്രവർത്തികൾക്കായി കേന്ദ്ര സർക്കാർ 859.59 ലക്ഷം രൂപയുടെ അനുമതി നൽകുകയും 50 ശതമാനം തുക ആദ്യഗഡുവായി തുക അനുവദിക്കുകയും ചെയ്തു. ബാക്കിയുള്ള 50 ശതമാനം തുക റിട്രോഫിറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി വരുന്ന വർഷം അനുവദിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ 23 പൊതു കെട്ടിടങ്ങൾകൂടി കണ്ടെത്തിയിട്ടുള്ളതും അക്സസ് ആഡിറ്റുകൾ നടത്തുകയും ചെയ്തിട്ടുള്ളതുമാണ്. അക്സസ് ആഡിറ്റുകൾ, അക്സസബിലിറ്റി സ്റ്റാന്റേഡുകൾ സംബന്ധിച്ച പരിശീലനവും മാനദണ്ഡങ്ങൾ മോണിട്ടർ ചെയ്യുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാന വിഹിതത്തിൽനിന്നും തുക വകയിരുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്കായി 30.00ലക്ഷം രൂപ 2020-21 ബഡ്ജറ്റിൽ വകയിരുത്തുന്നു.

**29. മയക്ക മരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി**

**(വിഹിതം: 30.00ലക്ഷം രൂപ)**

മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളെയും കുടുംബങ്ങളെയും വിദ്യാഭ്യാസം, കൂട്ടിച്ചേർക്കൽ, പുനരധിവാസം എന്നിവയിലൂടെ മയക്ക മരുന്ന് ഉപയോഗത്തിന്റെ പ്രതികൂല അനന്തരഫലങ്ങൾ കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതിയാണിത്. മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളെ കണ്ടെത്തുന്നതിനും, കൗൺസിലിംഗ്, പ്രചോദനം, അനന്തര സുരക്ഷ, പുനരധിവാസം എന്നിവ സാമൂഹ്യാധിഷ്ഠിതമായി നൽകി മയക്ക മരുന്നു ഉപയോഗത്തിൽ നിന്നു മോചിപ്പിക്കുകയെന്നതാണ് ഉദ്ദേശ്യം. കഴിവു വർദ്ധിപ്പിക്കൽ, പ്രത്യേക ഇടപെടൽ, ബോധവത്ക്കരണം ഉൾപ്പെടെയുള്ള പ്രവർത്തികൾക്കായി 2018-19-ൽ കേന്ദ്ര സർക്കാർ 135 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 2019-20-ൽ 135 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാകുന്നു. പദ്ധതിയുടെ ഭാഗമായി മോണിട്ടറിംഗ്, വിലയിരുത്തൽ, ഐ.ഇ.സി. പ്രവർത്തനങ്ങൾ, സോഷ്യൽ ആഡിറ്റ് എന്നിവയ്ക്കാവശ്യമായ തുക സംസ്ഥാന വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഇതിനായി 2020-21-ൽ ബഡ്ജറ്റിൽ 30.00ലക്ഷം രൂപ വകയിരുത്തുന്നു.

**30. സമാശ്വാസം**

**(വിഹിതം: 500.00ലക്ഷം രൂപ)**

വൃക്ക തകരാറുകൾ, വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയവർ, ഹീമോഫീലിയയും ബന്ധപ്പെട്ട രോഗങ്ങളും, സിക്കിൾ സെൽ അനീമിയ എന്നിവ ബാധിച്ച് ചികിത്സയിലിരിക്കുന്ന 4 വിഭാഗം രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ്. ഈ നാലു വിഭാഗത്തിലുമായി ഏകദേശം 10,000 ദുരിതമനുഭവിക്കുന്ന രോഗികളുണ്ട്. ഈ വിഭാഗത്തിൽപെട്ടവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. സമാശ്വാസം 1 -ബി.പി.എൽ. കുടുംബത്തിൽപ്പെട്ടതും ഒരു

മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്ക് പ്രതിമാസം 1100 രൂപ നൽകുന്നു. സമാശ്വാസം II - ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്കും വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവർക്കും പ്രതിമാസം 1100 രൂപ നൽകുന്നു. വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. സമാശ്വാസം III - ഹീമോഫീലിയയും ബന്ധപ്പെട്ട രോഗങ്ങളും ബാധിച്ചിട്ടുള്ള രോഗികൾക്ക് (8,9,11,13 ബ്ലഡ് ഫാക്ടറിലുള്ള കുറവ്) പ്രതിമാസം 1100 രൂപ നൽകുന്നു. ഇതിന് വരുമാന പരിധി ബാധകമല്ല. സമാശ്വാസം IV- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടിക വർഗ്ഗ വിഭാഗക്കാരല്ലാത്ത സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ സഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കായി 2020-21-ൽ 500.00ലക്ഷം രൂപ വകയിരുത്തുന്നു.

**വനിതാ ശിശു വകുപ്പ്**

**31. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

**(വിഹിതം: 1886.00 ലക്ഷം രൂപ)**

സ്ത്രീകൾക്ക് മെച്ചപ്പെട്ട അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് അവരുടെ ശാക്തീകരണവും എല്ലാതരത്തിലുള്ള വികസനവും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1988-ൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ രൂപീകരിച്ചു. കോർപ്പറേഷന്റെ പ്രവർത്തനകാലം മുതലേയുള്ള പ്രധാന പ്രവർത്തനങ്ങളിലൊന്നാണ് ദേശീയ ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നത്. 2020-21-ൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 1886.00 ലക്ഷം രൂപ വകയിരുത്തുന്നു.

- വനിതകൾക്ക് സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി (എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി./ എൻ.എസ്.എഫ്.ഡി.സി).
- സ്വയം തൊഴിൽ വായ്പാ പദ്ധതി (പൊതുവിഭാഗം)
- ഇ.ഡി.പി. പ്രോഗ്രാം, ബോധവത്കരണ ക്യാമ്പുകൾ, തൊഴിൽ പരിശീലനവും പ്രദർശനങ്ങളും
- വർക്കിംഗ് വുമൻസ് ഹോസ്റ്റൽ/ഓഫീസ് കെട്ടിടങ്ങളുടെ പരിപാലനം
- തൊഴിലിനും പരിശീലന പരിപാടിയ്ക്കുമായി സ്റ്റെപ്
- സർവ്വേ, റിപ്പോർട്ട് ആന്റ് ഡോക്കുമെന്റേഷൻ.
- ആർത്തവ ശുചിത്വവും പ്രത്യുൽപ്പാദനാരോഗ്യ ബോധവൽക്കരണവും
- സുരക്ഷിത താമസ പരിപാടി
- ഫ്രഷ് അപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- പട്ടിക വർഗ്ഗ സ്ത്രീകൾക്കായി ഇന്റഗ്രറ്റഡ് നൈപുണ്യ വികസന കേന്ദ്രം
- സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പരിപാടികൾ (റീച്ച്)
- കോളേജുകളിൽ വനിതാസെൽ
- വനിതാ ഇൻഫർമേഷൻ സഹായ കേന്ദ്രം (24/7)
- Shawp ബോധവൽക്കരണം, ഐ.സി.സി. രൂപീകരണം
- ബോധ്യം- പോലീസിനായുള്ള ലിംഗഭേദം സംബന്ധിച്ച സൂക്ഷ്മബോധന പരിശീലന പരിപാടി.